മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 24 THE ONLINE OFFICIAL NEWS BULLETIN 2025 June 12

SEASON OF PENTECOST പെന്തിക്കോസ്തികാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
15	16	17	18	19	20	21
1st Sunday after Pentecost ✦ First Church establised in the name of Virgin Mary	Apostles' Fast Begins			Comme. of St. James the apostle (First Bishop of Jerusalem)		
8	4	8	4	8	4	8



യുയാക്കിം മാർ ഈവാനിയോസിന്റെ ചരമ ശതാബ്ദി ഉദ്ഘാടനം ചെയ്തു

പരുമല: സഭയുടെ നിർണായക കാലഘട്ടത്തിൽ ചങ്കൂറ്റത്തോടെ സഭയെ നയിച്ച പിതാക്കന്മാരിൽ മുമ്പനായിരുന്നു യൂയാക്കിം മാർ ഈവാനിയോസെന്ന് പരിശുദ്ധ കാതോലിക്കാ ബാവ പറഞ്ഞു. യുയാക്കിം മാർ ഈവാനിയോസ് തിരുമേനിയുടെ ചരമ ശതാബ്ദി സമ്മേളനം പരുമല സെമിനാരിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏബ്രഹാം മാർ എപ്പിഫാനിയോസ്, അലക്സിയോസ് മാർ യൗസേബിയോസ്, ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, ഡോ. ഏബ്രഹാം മാർ സെറാഫിം, സഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ പരുമല സെമിനാരി മാനേജർ ഫാ.എൽദോസ് ഏലിയാസ് എന്നിവർ പ്രസംഗിച്ചു.

സഖറിയാ പെരുമ്പടവം തയ്യാറാക്കിയ കരോട്ടുവീട്ടിൽ യൂയാക്കിം മാർ ഈവാനിയോസ് എന്ന ജീവചരിത്രഗ്രന്ഥം ചടങ്ങിൽ പ്രകാശിപ്പിച്ചു.



ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പെന്തിക്കോസ്തി പെരുന്നാൾ ശുശ്രൂഷകൾക്ക് പരിശുദ്ധ കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു.



ലഹരി വിപത്തിനെതിരെ കോൺക്ലേവുമായി മലങ്കര ഓർത്തഡോക്സ് സഭ

ഡ്രഗ്സിറ്റ് ലോഗോ പ്രകാശനം ചെയ്തു

പരുമല: സമൂഹത്തിൽ വർധിച്ചുവരുന്ന ലഹരി – മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ബോധവൽക്കരണവുമായി മലങ്കര ഓർത്തഡോക്സ് സഭ. ഡ്രഗ്സിറ്റ് സമ്മിറ്റ് (DRUXIT SUMMIT) എന്ന പേരിൽ സംഘടിപ്പിക്കുന്ന ഏകദിന കോൺക്ലേവ് ജൂൺ 14 ശനിയാഴ്ച്ച സഭാ ആസ്ഥാനമായ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടക്കും. മഹാരാഷ്ട്ര ഗവർണർ സി. പി. രാധാകൃഷ്ണൻ മുഖ്യാഥിതിയാകും. മത, സാമുദായിക, സാംസ്ക്കാരിക രംഗത്തെ പ്രമുഖർ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ നടക്കുന്ന കോൺക്ലേവിന്റെ ഭാഗമാകും. സഭയുടെ മാനവ ശാക്തീകരണ വകുപ്പിന്റെ ലഹരിവിരുദ്ധ ക്യാംപയിൻ ആയ ഡ്രഗ്സിറ്റ് പ്രോഗ്രാമിന്റെ നവീകരിച്ച ലോഗോയുടെ പ്രകാശനം പരിശുദ്ധ കാതോലിക്കാ ബാവാ പരുമലയിൽ നിർവഹിച്ചു.



പാമ്പാടി പൊത്തൻപുറം മാർ കുറിയാക്കോസ് ദയറായിൽ പെന്തിക്കോസ്തി പെരുന്നാൾ ശുശ്രൂഷകൾക്ക് ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ മുഖ്യ കാർമ്മികത്വം വഹിച്ചു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ കല്പനബുക്ക് (1935)

85/22-7-110. വൈദ്യൻ യോശുവാ കത്തനാർക്ക്,

പ്രിയനെ, താനയച്ച എഴുത്തു കിട്ടി. നിങ്ങളുടെ അഹങ്കാരങ്ങൾ വർദ്ധിച്ചു വരുന്നതായിട്ടാണ് കാണുന്നത്. അതിനാൽ വേറൊരു കല്പന ഉണ്ടാകുന്നതു വരെയും കൂടലിൽ മർത്തമറിയം പള്ളിയിൽ യാതൊരു കർമ്മങ്ങളും നടത്തിക്കൂടായെന്ന് ഈ കല്പന മൂലം തന്നെ നാം വിരോധിച്ചിരിക്കുന്നു. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

86/22-7-110. ചാത്തന്നൂർ പള്ളിക്കാർക്ക്,

പ്രിയരെ, മേത്തന്റേഴികത്ത് മത്തായി യോഹന്നാന്റെ മകൾ ചേച്ചയെന്ന പെണ്ണിനെ അവളുടെ ജ്യേഷ്ഠസഹോദരിയെ കെട്ടിയിരുന്ന യോഹന്നാൻ ഇപ്പോൾ കല്യാണം കഴിച്ചിരിക്കുന്നതായി നാം അറിയുന്നു. ആ കല്യാണം, കല്യാണമല്ല, വ്യഭിചാരമാണ്. പല സമയത്തും നാം അതു വിരോധിച്ചിട്ടുള്ളതുമാണ്. അതിനാൽ അറിവു കൂടാതെ ഇങ്ങനെ ഒരു സംഗതി ചെയ്തുവെന്നു പറവാൻ പാടില്ല. അതുകൊണ്ടു ആ പെണ്ണിനെയും അവളെ കെട്ടിയ യോഹന്നാനെയും ഇങ്ങനെ കല്യാണം നടത്തുന്നതിന് അനുവദിച്ചു കൊടുത്ത ആ പെണ്ണിന്റെ മാതാപിതാക്കളേയും ഈ കല്പന മൂലം നാം മുടക്കിയിരിക്കുന്നു. ഈ വിവാഹം കഴിപ്പിച്ച പട്ടക്കാരൻ ആരോ അയാളേയും നമ്മുടെ സഭയിൽ നിന്നും നാം ബഹിഷ്കരിക്കുന്നതായിരിക്കും. ഇവരോടു ആരും ഒരു തരത്തിലും സംബന്ധപ്പെട്ടു കൂടാ. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

87/6th March 1935. *To the Postmaster, Kottayam.*

Sir, As I do not with to use this 'Reply paid' telegram from dated 6th March 1935, please use that the money is returned to the sender, Thoms Molathu, Adoor.

88/22-7-110. നമ്മുടെ പെങ്ങാമുക്കു പള്ളിക്കാർക്ക്.

പ്രിയരെ, ഈയാണ്ടു കന്നി മാസം 24-നു ടി പള്ളിപൊതുയോഗത്തിൽ നിങ്ങൾ തിരഞ്ഞെടുത്തിട്ടുള്ള കൊള്ളന്നൂർ വറീയതു ഇയ്യുകുട്ടിയേയും കൊള്ളന്നൂർ താരു ചെറിയാക്കുവിനേയും വേറൊരു കല്പന ഉണ്ടാകുന്നതു വരേയ്ക്കും ടി പള്ളിക്കു കൈസ്ഥാനികളായി നാം നിയമിച്ചിരിക്കുന്നു. ശേഷം കാര്യങ്ങൾക്കു പിന്നാലെ എഴുത്ത് അയയ്ക്കുന്നതാണ്.


89/23-7-110. തോട്ടയ്ക്കാട്ടു പള്ളിക്കാർക്ക്.

പ്രിയരെ, ചില അത്യാവശ്യ കാര്യങ്ങളാൽ തെക്കോട്ടു പോകേണ്ടതായിരിക്കുന്നതിനാൽ നിങ്ങളുടെ കാര്യങ്ങൾ തീർച്ചപ്പെടുത്താനായി ബഹു. ഗ്രീഗോറിയോസു മെത്രാച്ചനും കൂടെ സ്കറിയാ മല്പാനും ദാവീദു കത്തനാരും വരുന്നതായിരിക്കും. അദ്ദേഹം തീരുമാനിക്കുന്നതനുസരിച്ചു നിങ്ങൾ നടന്നുകൊള്ളണമെന്നും മറ്റും.

24-നു വെള്ളിയാഴ്ച കാലത്തു കോട്ടയത്തു നിന്നും തിരിച്ച് ചിങ്ങവനത്തു കയറി. അതിനുശേഷം തിരുവല്ലാ ബഥനി അരമനയിൽ താമസിച്ചു ഉച്ചമേശ കഴിഞ്ഞതിനുശേഷം പരുമല സിമ്മനാരിയിൽ വരികയും അവിടെ നിന്നും പുറപ്പെട്ടു വൈകിട്ടു അഞ്ചു മണിയോടു കൂടി മാവേലിക്കര പുതിയകാവു പള്ളിയിൽ എത്തി. 29-നു ബുധനാഴ്ച മാവേലിക്കര പള്ളിയിൽ നിന്നും കടമ്പനാട്ടു പള്ളിയിൽ എത്തി താഴേതിൽ വക്കീലിന്റെ അപ്പന്റെ ശവസംസ്കാര ശുശ്രൂഷ നടത്തി. അന്നു തന്നെ മാവേലിക്കര എത്തി.

90/2-8-110. നമ്മുടെ കെ. സി. തോമസു കത്തനാർക്കു വാഴ്വ്.

പ്രിയനെ, നമ്മുടെ കർമ്മേൽ പള്ളി, പള്ളിക്കര പള്ളി എന്നീ പള്ളികൾക്കു വേറൊരു കല്പന ഉണ്ടാകുന്നതു വരേയ്ക്കും വികാരിയായി തന്നെ നാം നിയമിച്ചിരിക്കുന്നു. താൻ ഉടൻ അവിടെ എത്തി ജോലിയിൽ പ്രവേശിച്ചുകൊള്ളണം. പുതിയകാവു പള്ളിയിൽ നിന്നും.



91/2-8-110. നമ്മുടെ പള്ളിക്കര പുത്തൻ പള്ളിക്കാർക്കു വാഴ്വ്.

പ്രിയരെ, ആ പള്ളിയിലേക്കു ഒരു പട്ടക്കാരനെ നിയമിച്ചാക്കണമെന്നു നിങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടല്ലോ. ഇപ്പോൾ ആ പള്ളിയിലും കർമ്മേലിലും നടത്തുന്നതിനായി നമ്മുടെ കെ. സി. തോമസു കത്തനാരെ ഈ കല്പനയും കൊടുത്തയയ്ക്കുന്നു. അവിടേയും കർമ്മേലിലും സൗകര്യംപോലെ, അയാൾ നടത്തിക്കൊള്ളട്ടെ.

92/2-8-110. നമ്മുടെ തുടിയൻ പൗലോസിനു വാഴ്വ്.

പ്രിയനെ, ഇന്നാൾ നാം അവിടെ വന്നിരുന്നപ്പോൾ അവിടേക്ക് ഒരു പട്ടക്കാരനെ അയയ്ക്കുമെന്നു പറഞ്ഞിരുന്നപ്രകാരം നമ്മുടെ തോമസു കത്തനാരെ അയയ്ക്കുന്നു. നാം അവിടെ വരുന്നതുവരെ ഇയാൾ അവിടെ താമസിച്ച് കർമ്മങ്ങൾ എല്ലാം നടത്തട്ടെ. നാം വന്നതിന്റെ ശേഷം എല്ലാ കാര്യങ്ങൾക്കും സ്ഥിരമായ നിശ്ചമുണ്ടാക്കാം. ഇയാളുടെ ചിലവിനെ സംബന്ധിച്ച് നാം പ്രത്യേകമൊന്നും പറയണമെന്നില്ലല്ലോ. ശേഷം പിന്നാലെ.

2-8-110. ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ പുതിയകാവു പള്ളിയിലെ പൊതുയോഗം കൂടി നടപടികൾ ആരംഭിച്ചശേഷം 4-നു ഞായറാഴ്ച 2 മണിക്കു മാറ്റിവച്ചു.

4-8-110. ഇന്നേ ദിവസം 4 മണിയോടു കൂടി പുതിയകാവു പള്ളി പൊതു

യോഗം ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടി. റിപ്പോർട്ടു വായന, തിരട്ടു മുതലായവ വായിച്ചു പാസ്സാക്കി. പുതിയ ബഡ്ജറ്റു വായിച്ചു പാസ്സാക്കുകയും അതിനെ തുടർന്ന് "ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടന" വായിച്ചു പാസ്സാക്കി നടപ്പിൽ വരുത്തുന്നതിന് നിശ്ചയിക്കുകയും, ഉപയുക്തമായ ഉപചട്ടങ്ങളെ രൂപീകരിച്ച് അധികാരസ്ഥാനങ്ങളിലയച്ച് അനുമതി ലഭിച്ചശേഷം നടപ്പിൽ വരുത്തുന്നതിന് അടുത്ത് പൊതുയോഗം കൂടുന്നതിനു കല്പിച്ചനുവദിച്ച ശേഷം യോഗം അവസാനിപ്പിച്ചു. പള്ളിക്കു മുൻ കുടിശിഖ വരുത്തിയിട്ടുള്ള ആളുകളെ വരുത്തി അവരുടെ സ്ഥിതിഗതികൾ അറിഞ്ഞു ഇളച്ചു കൊടുക്കേണ്ടതുണ്ടെങ്കിൽ അപ്രകാരം ചെയ്തും അല്ലാത്തവയെ കമ്മറ്റിക്കാരെ അറിയിച്ചു തുക ഈടാക്കുന്നതിനു കല്പിച്ചനുവാദമുണ്ടാകണമെന്നും തീരുമാനിച്ചു.

93/5-8-110. നമ്മുടെ പുത്തൻവീട്ടിൽ പി. കെ. കോശിക്കു.

പ്രിയനെ, അയച്ച ഹർജി കിട്ടി. അതിൽ കാണിച്ചിരിക്കുന്നപ്രകാരം ശെമ്മാശന്മാർ കല്യാണം കഴിക്കുന്ന പെൺകുട്ടികൾക്കു പതാര ഇനത്തിൽ യാതൊരു ഇളവും ചെയ്തുകൊടുക്കുന്ന ഒരു പതിവ് നമ്മുടെ സഭയിൽ ഇല്ല. എന്നാൽ പതാരം ഇളവു ചെയ്യുന്നതിനു ഇടവകാംഗങ്ങൾ സമ്മതിക്കുന്നപക്ഷം നമുക്കു അതിനു യാതൊരു വിരോധവുമില്ല. ശേഷം പിന്നാലെ.

6-8-110. ഇന്നു വൈകിട്ടു മാവേലിക്കരയുള്ള യുവജനങ്ങളുടെ ഒരു സംഘടന ഉണ്ടാക്കി. "മാവേലിക്കര ഓർത്തഡോക്സ് സിറിയൻ യുവജന സേവന സംഘം" എന്ന പേരിലും ബാവാ തിരുമേനി സ്ഥിരം പ്രസിഡന്റും ഇടവക പട്ടക്കാർ വൈസ്പ്രസിഡന്റന്മാരായും നിശ്ചയിച്ചു. എല്ലാ ഞായറാഴ്ചയും വൈകിട്ടു ആറരയ്ക്കു യോഗസ്ഥലത്തു കൂടി യോഗം നടത്തണമെന്നു തീരുമാനിച്ചു.

94/12-8-110. പുതിയകാവു പള്ളിക്കാർക്ക്,

പ്രിയരെ, നമ്മുടെ പുത്തിരേത്തു ഗീവറുഗീസു കത്തനാർ ക്ഷീണനും രോഗബാധിതനുമായി ഇവിടെ വന്നു താമസിക്കുന്ന വിവരവും ഇയാൾ ഒരു സന്യാസിപട്ടക്കാരനും നമ്മുടെ സമുദായത്തിൽ പല തരത്തിൽ വേല ചെയ്തിട്ടുള്ള ഒരാളും ആണെന്നുള്ള സംഗതിയും നിങ്ങൾക്കും അറിയാവുന്നതാണല്ലോ. അയാളുടെ ക്ഷീണകാലത്തു അയാളെ സഹായിപ്പാൻ നാം ഏവരും കടപ്പെട്ടവരാണെങ്കിലും തൽക്കാലത്തേക്കു ഈ ചുമതല നിങ്ങളെ ഭരമേൽപിക്കണമെന്നാണു നാം നിശ്ചയിച്ചിരിക്കുന്നത്. പള്ളിക്കാര്യത്തിൽ ഇപ്പോൾ വരവും ഇരിപ്പും പണവും വളരെ കുറവാണെന്നു നമുക്കു നല്ലവണ്ണം അറിയാം. എങ്കിലും ക്ഷീണന്മാരെ താങ്ങുകയും ബലഹീനരെ സഹായിക്കയും ചെയ്യേണ്ട ചുമതലയുള്ളതുകൊണ്ടും ഞായറാഴ്ചതോറും പിരിയുന്ന കാണിക്കശേഖരം ഇയാൾക്കു കൊടുത്തുകൊള്ളണമെന്നു നാം ഇതിനാൽ ആജ്ഞാപിച്ചിരിക്കുന്നു. ഈ കാണിക്കശേഖരം പുതു ക്രിസ്ത്യൻ സഭയ്ക്ക് കൊടുത്തുവരുന്നതാണെന്നറിയാം. എങ്കിലും ദീനത്തിനു ഏതും ശമനം കാണുന്നതു വരെ ടി ഇനം പണം ഇയാൾക്കു കൊടുക്കണം. കൂടാതെ മുമ്പു കപ്യാരുജോലി നോക്കി വന്നിരുന്ന പാപ്പിക്കു തൊഴിൽ ചെയ്തു ഉപജീവനം കഴിപ്പാനായി 5 രൂപായിൽ കുറയാതെ ഒരു സംഖ്യ നിങ്ങൾ പള്ളിക്കാർ ആലോചിച്ചു അവനു കൊടുത്തുകൊള്ളണമെന്നും നാം ആജ്ഞാപിക്കുന്നു.

95/12-8-110. പുതിയകാവു പള്ളി വികാരി തോമസു കത്തനാർക്ക്.

പ്രിയനെ, വിലനിലത്തു പീലിപ്പോസിന്റെ മകന്റെ കണ്ണു ചികിത്സയ്ക്കായി സഹായം ചെയ്യണമെന്ന് അയാൾ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ പള്ളിവകയിൽ നിന്നും 7 രൂപാ കൊടുത്തു കണക്കിൽ ചിലവെഴുതിക്കൊള്ളണം. കൂടാതെ നടയ്ക്കടവിൽ കൊല്ലാശേരിൽ കുഞ്ഞുനയിനാ മത്തായിയെ രസീതുംപടി ഏൽപ്പിച്ച പണത്തിന്റെ കണക്കുകൾ തീർത്ത വകയിൽ 8 രൂപാ 18 ചക്രം 12 കാശ് ടിയാന്റെ കൈവശം മുമ്പുനിന്ന പണത്തിന്റെ പലിശയായി നിങ്ങൾ വകവെച്ചു എടുത്തിട്ടുണ്ടല്ലോ. ആ പലിശ വാങ്ങേണ്ട എന്നു നാം നിശ്ചയിച്ചിരിക്കുന്നതിനാൽ മുതൽകെട്ടിൽ ഇരിക്കുന്ന പണത്തിനു തിരട്ടിൽ കൊള്ളിച്ചിരിക്കുന്ന പലിശയിൽ നിന്നും 8 രൂപ 18 ചക്രം 12 കാശ് കുറവെഴുതി കണക്കു ശരിപ്പെടുത്തികൊള്ളണം. ശേഷം പിന്നാലെ. പുതിയകാവു പള്ളിയിൽ നിന്നും.

12-8-110 തിങ്കളാഴ്ച 2 മണിക്കു പുതിയകാവു പള്ളിയിൽ നിന്നു തിരിച്ചു. വൈകിട്ടു കുണ്ടറ അരമനയിൽ എത്തി.

96/13-8-110. കൂടലിൽ മർത്തമറിയം പള്ളിക്കാർക്ക്.

പ്രിയരെ, നിങ്ങളുടെ ഇടയിലുള്ള വഴക്കു കേട്ടു തീരുമാനിക്കുന്നതിനായി നിങ്ങൾ ഈ മാസം 17-നു ശനിയാഴ്ച ഇവിടെ വന്നുചേരണം.

97/13-8-110. കൊല്ലം ഭദ്രാസന ഇടവകയിലെ തെക്കൻ ഇടവകകളിലെ എല്ലാ പട്ടക്കാർക്കും വാഴ്വ്.

പ്രിയനെ, ഈ മാസം 19-നു തിങ്കളാഴ്ച വൈദികയോഗം ഇവിടെവച്ചു നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നുവെന്നും പള്ളിച്ചിലവിൽ വന്നുചേരണമെന്നും.

98/15-8-110. കയ്പായ്ക്കൽ തോമസു കത്തനാരെ തെര്യപ്പെടുത്തുന്ന നോട്ടീസ്.

താൻ നമ്മുടെ പേർക്കു അഹങ്കാരമായി എഴുത്തയച്ചു നമ്മെ അപമാനിക്കയും പള്ളികളിൽ കലഹങ്ങളും കക്ഷികളും ഉണ്ടാക്കാൻ ശ്രമിക്കുന്നതായി നാം അറിയുകയും ചെയ്യുന്നതിൽ നാം അദ്ഭുതപ്പെടുന്നു. ഈ വക പ്രവർത്തികൾ കൊണ്ടു ദൈവത്തിന്റെ സഭയെ ഭിന്നിപ്പിക്കയും തനിക്കുതന്നെ നാശം വരുത്തിക്കുകയും ചെയ്തിരിക്കയാൽ താൻ സഭയിൽ നിന്നു തള്ളപ്പെടുന്നതിനു യോഗ്യനായി തീർന്നിരിക്കുന്നു. തനിക്കു തന്റെ പ്രവൃത്തികളെ സംബന്ധിച്ചു എന്തെങ്കിലും പറവാനുനുണ്ടെങ്കിൽ ഈ മാസം 19-നു തിങ്കളാഴ്ച നമ്മുടെ മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം. അല്ലാത്തപക്ഷം തന്നെ നാം മുടക്കി സഭയിൽ നിന്നും പുറത്തു തള്ളുന്നതായിരിക്കും. താൻ നമ്മുടെ മുമ്പാകെ ഹാജരായി സമാധാനം ബോധിപ്പിച്ച് വേറൊരു കല്പന നമ്മിൽ നിന്നുണ്ടാകുന്നതുവരേയ്ക്കും ഈ കല്പന മൂലം ആചാര്യസംബന്ധമായ എല്ലാ ക്രിയകളിൽ നിന്നും തന്നെ നാം സസ്പെന്റു ചെയ്തിരിക്കുന്നു. ശേഷം പിന്നാലെ. എന്ന് 1935-നു കൊല്ലം 110 മീനം 15-നു കുണ്ടറ അരമനയിൽ നിന്നും.

99/15-8-110. നമുക്കേത്രയും സ്നേഹിക്കപ്പെട്ടവരായ നമ്മുടെ തലവൂർ പള്ളി വികാരി പറിങ്കിമാമ്മൂട്ടിൽ യോഹന്നാൻ കത്തനാരും ടി പള്ളിയിൽ തവണപട്ടക്കാരൻ പ്ലാവിളയിൽ മത്തായി കത്തനാരും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, കയ്പടയ്ക്കൽ തോമസു കത്തനാർ നമ്മുടെ നേരെ അഹങ്കാരമായി എഴുത്തയയ്ക്കയും ആ ഇടവകകളിൽ എതൃകക്ഷി ഉണ്ടാക്കാൻ ശ്രമിക്കയും മറ്റും ചെയ്കയാൽ അയാൾ നമ്മുടെ മുമ്പാകെ ഹാജരായി സമാധാനം ബോധിപ്പിക്കുന്നതിനു നാം അയാൾക്കു നോട്ടീസയച്ചിട്ടുണ്ട്. നമ്മുടെ മുമ്പാകെ ഹാജരായി സമാധാനം ബോധിപ്പിച്ച് നമ്മിൽ നിന്നും ഒരു തീരുമാനം ഉണ്ടാകുന്നതുവരേയ്ക്കും അയാളെ നാം സസ്പെണ്ടിൽ നിറുത്തിയിരിക്കുന്നു. ആകയാൽ നമ്മുടെ കല്പന ഉണ്ടാകുന്നതുവരേയ്ക്കും അയാളോടുകൂടി ശുശ്രൂഷകളിൽ പങ്കുകൊള്ളുകയൊ നിങ്ങളുടെ പള്ളികളിൽ അയാളെക്കൊണ്ടോ ഏതെങ്കിലും ശുശ്രൂഷ നടത്തിക്കയോ ചെയ്യരുത്. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ. കുണ്ടറ അരമനയിൽ നിന്നും.

100/15-8-110. വലിയവീട്ടിൽ അലക്സന്ത്രയോസു കത്തനാർക്ക്.

99-ാം നമ്പർ കല്പനയുടെ പകർപ്പു അയച്ചു.

101/15-8-110. കുരുമ്പേലിൽ മത്തായി കത്തനാർക്ക്.

99-ാം നമ്പർ കല്പനയുടെ പകർപ്പു അയച്ചു.

102/15-8-110. കണ്ടമത്തു ഗീവറുഗീസു കത്തനാർക്ക്.

99-ാം നമ്പർ കല്പനയുടെ പകർപ്പു അയച്ചു.

103/19-8-110. From the Manager, M.G.D. English School, Puthuchery.

To the Most Rev Joseph Mar Severios, The Correspondent, M.G.D. Eng. School, Puthuchery

My Dear Metropolitan,

I do hearty authorise you to create bonds of agreement to the Govt. on my behalf, and to sign and encash bills connected the School, to the stipends of the candidates reputed for training from the School.

yours sincerely

Catholicos

104/19-8-110. കുന്നത്തൂർ താലൂക്കിൽ ഏതാതിമംഗലം പകുതിയിൽ കൂടലിൽ മുറിയിൽ കൊളത്തൂമണ്ണിൽ തടത്തിൽ ഇസഹാക്കു മാണിക്കു വാഴ്വ്.

പ്രിയനെ, കൊല്ലം ഡിസ്ട്രിക്റ്റിൽ പത്തനംതിട്ട സബ് ഡിസ്ട്രിക്റ്റിൽ കുമ്പഴ പകുതിയിൽ കോന്നി അരുവാപ്പലം മുറിയിൽ അതിരുങ്കൽ എന്ന സ്ഥലത്തു പുത്തൻപുരയിൽ കൊച്ചുകുഞ്ഞു വകയും, ടിയിൽ യോഹന്നാൻ വകയും പുര

യിടങ്ങൾക്കു കിഴക്കും തെക്കും വാഴയിൽ ജോസഫ് വക പുരയിടത്തിനും റോഡിനും മേക്കും വടക്കും ഇവ നടുവിൽ പണ്ടാരവകപ്പാട്ടം സർവ്വെ 540/1 82-ാമത് ലറ്ററിൽ 35 സെന്റു സ്ഥലം നമുക്കു തീറാധാരപ്രകാരം കിട്ടിയിട്ടുള്ളതും ടി സ്ഥലത്ത് ഒരു ഓർത്തഡോക്സ് സുറിയാനിപ്പള്ളിയും ശവക്കോട്ടയും സ്ഥാപിക്കുന്നതിന് നാം അനുവദിച്ചിരിക്കുന്നതുമാകുന്നു. ഈ കല്പന താൻ ഡിവിഷനിൽ ഹാജരാക്കി അപേക്ഷ കൊടുത്തു ഗവണ്മെന്റ് അനുവാദം വാങ്ങിക്കൊള്ളുന്നതിന് ഇതു മൂലം തന്നെ നാം അധികാരപ്പെടുത്തിയിരിക്കുന്നു. ശേഷം പിന്നാലെ. കുണ്ടറ അരമനയിൽ നിന്നും.

105/19-8-110. പ്രിയരെ, നിങ്ങൾ നമ്മുടെ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന ഹർജി കിട്ടി. നിങ്ങൾ പൊതുയോഗം കൂടി തെരഞ്ഞെടുത്തിട്ടുള്ള പാറവിളവീട്ടിൽ പീലിപ്പോസു കോശിയെ മുതൽകെട്ടുകാരനായും കിഴങ്ങുവിള വീട്ടിൽ യോഹന്നാൻ ഗീവറുഗീസിനേയും തടത്തിവിള വീട്ടിൽ ഗീവറുഗീസ് യോഹന്നാനേയും കളീലഴികത്തു വീട്ടിൽ കോരുതു യോഹന്നാനേയും പൊയ്കയിൽ വീട്ടിൽ വറീതു ലൂക്കോസിനേയും കണക്കന്മാരായും വേറൊരു കല്പന ഉണ്ടാകുന്നതുവരേയ്ക്കും നാം നിയമിച്ചിരിക്കുന്നു. ശേഷം പിന്നാലെ.

106/19-8-110. മാവിലഴികത്തു കോശി കത്തനാർക്കു.

പ്രിയനെ, ഇളമാടു മർത്തോമ്മൻ പള്ളി, ആയൂർ മർത്തമറിയം പള്ളി, അഞ്ചൽ പള്ളി, മണ്ണൂർ മർത്തമറിയം പള്ളി, അഞ്ചൽ പള്ളി എന്നീ പള്ളികളിലേക്കു വികാരിയായി നിയമിച്ചിരുന്ന തെക്കേപ്പുരയിൽ ഗീവറുഗീസു കത്തനാർ രണ്ടുമൂന്നു വർഷം കൊണ്ടു നടത്താതിരിക്കുന്നതിനാൽ ടി പള്ളികളിലേക്കു വികാരിയായി തന്നെ നാം വേറൊരു കല്പന ഉണ്ടാകുന്നതുവരേയ്ക്കും നാം നിയമിച്ചിരിക്കുന്നു. ശേഷം പിന്നാലെ.

107/20-8-110. നമ്മുടെ കൊടുവിള മാവിലഴികത്ത് കോശി ദാനിയേൽ വൈദ്യന് വാഴ്‌വ്.

പ്രിയനെ, നിങ്ങളുടെ തനതാവശ്യത്തിന് ഒരു ചാപ്പൽ സ്ഥാപിച്ച് കർമ്മം നടത്തുന്നതിന് അനുവാദം കിട്ടണമെന്നുള്ള നിങ്ങളുടെ അപേക്ഷ കിട്ടി. ആകയാൽ കിഴക്കേ കല്ലട പകുതിയിൽ കൊടുവിളമുറിയിൽ പനവിളക്കും വഴിക്കും മേക്ക് കിഴക്കേ മുക്കട വക പുരയിടത്തിനും വടക്ക് കണ്ണമകത്ത് വകയും മാവിലഴികത്ത് വകയും പുരയിടങ്ങൾക്കും കിഴക്ക് വഴിക്കും തെക്ക് പണ്ടാരവക സർവ്വെ 6839-ാം നമ്പർ 10 സെന്റുള്ള പുരയിടത്തിൽ പടിഞ്ഞാറെ അറ്റം ഒരു ചാപ്പൽ സ്ഥാപിച്ച് കർമ്മം നടത്തുന്നതിന് നാം അനുവദിച്ചിരിക്കുന്നു. ചാപ്പലിന്റെ ആത്മികവും ലൗകികവുമായ സകല അധികാരങ്ങളും നമ്മിലും നമ്മുടെ പിൻഗാമികളിലും ഞങ്ങളാൽ നിയമിക്കപ്പെടുന്ന മേൽപട്ടക്കാരിലും മാത്രം സ്ഥിതിചെയ്യുന്നതാണ്. ഞങ്ങളുടെ അഭിപ്രായത്തിനോ വിശ്വാസത്തിനോ എതിരായിട്ടുള്ളവർക്ക് ചാപ്പലിൽ യാതൊരുവക അധികാരാവകാശങ്ങളും ഉണ്ടാകുന്നതല്ല. ആധാരക്കാരന് ഞങ്ങളുടെ അനുവാദം കൂടാതെ സ്ഥലം എഴുതി വിൽക്കുകയോ പണയപ്പെടുത്തുകയോ കടപ്പെടുത്തുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു. ചാപ്പൽ കെട്ടി പൂർത്തിയായശേഷം കർമ്മം നടത്തുന്നതിന് പട്ടക്കാരനെ നിയമിച്ച് നാം കല്പന അയയ്ക്കുന്നതായിരിക്കും. ശേഷം പിന്നാലെ.

108/20-8-110. കുണ്ടറ കിഴക്കെഭാഗത്തു പുത്തൻപള്ളിക്കാർക്ക്.

പ്രിയരെ, നമ്മുടെ സഭയിലെ പുതിയ ഭരണഘടനയനുസരിച്ചു നിങ്ങളുടെ പള്ളിക്ക് മാനേജിംഗ് കമ്മറ്റിയംഗങ്ങൾ, ട്രസ്റ്റി, സിക്രട്ടറി മുതലായവരെ ഇടവകയുടെ പൊതുയോഗം കൂടി തിരഞ്ഞെടുത്തു നമ്മുടെ പേർക്കു റിപ്പോർട്ടു ചെയ്യണം. ശേഷം പിന്നാലെ.

109/20-8-110. കൂടൽ പള്ളിക്കാർക്ക്.

പ്രിയരെ, നിങ്ങളുടെ ഇടയിലുണ്ടായ വഴക്കു നമ്മുടെ മുമ്പാകെ വച്ചു പറഞ്ഞു തീർന്നല്ലോ. പള്ളിസാമാനങ്ങൾ പള്ളിയിൽ വച്ചു താക്കോൽ മുതൽകെട്ടുകാരനെ ഏൽപിക്കണമെന്നും വികാരി വരുമ്പോൾ താക്കോൽ വികാരിയെ മുതൽകെട്ടുകാരൻ ഏൽപിക്കണമെന്നും തിരിച്ചുപോരുമ്പോൾ വികാരി താക്കോൽ മുതൽകെട്ടുകാരനെ ഏൽപിക്കണമെന്നും നാം നിശ്ചയിച്ചപ്രകാരം ചെയ്തുകൊള്ളണം. കർമ്മങ്ങൾ ഇവിടെ ഇന്നു മുതൽ നടത്തുന്നതിനു നാം അനുവദിച്ചിരിക്കുന്നു. ശേഷം പിന്നാലെ.

110/20-8-110. പ്ലാവിളയിൽ യോശുവാ കത്തനാർക്ക്.

പ്രിയനെ, കടമാൻതടത്തിപള്ളിക്കു വേറൊരു കല്പന ഉണ്ടാകുന്നതുവരേയ്ക്കും തന്നെ നാം വികാരിയായി നിയമിച്ചിരിക്കുന്നു. ശേഷം പിന്നാലെ.

111/20-8-110. കോട്ടപ്പുറത്തു പള്ളിക്കാർക്ക്.

പ്രിയരെ, നമ്മുടെ കയ്പടയ്ക്കൽ തോമസു കത്തനാർ അയാളുടെ പ്രവർത്തിയുടെ അബദ്ധത്തെപ്പറ്റി മനസ്സിലാക്കി പശ്ചാത്തപിക്കയും നമ്മുടെ മുമ്പാകെ എഴുതിവയ്ക്കയും ചെയ്തിരിക്കയാൽ ആ പള്ളിയിൽ നിന്നുള്ള സസ്പെൻഷൻ മാത്രം നാം തീർത്തിരിക്കുന്നു. അയാൾ അവിടത്തെ മൂപ്പച്ചനായി കർമ്മങ്ങൾ നടത്തിക്കൊള്ളുന്നതിനും മകൻ യൗസേഫു കത്തനാർ വികാരിയായി നടത്തുന്നതിനും വേറൊരു കല്പന ഉണ്ടാകുന്നതുവരേയ്ക്കും നാം അനുവദിച്ചിരിക്കുന്നു. ശേഷം പിന്നാലെ.

20-നു ചൊവ്വാഴ്ച കുണ്ടറ സിമ്മനാരിയിൽ നിന്നും കോട്ടയം സുറിയാനി സിമ്മനാരിയിൽ എത്തി.

112/23-8-110. കർമ്മേൽ പള്ളിക്കാർക്ക്.

പ്രിയരെ, 40-ാം വെള്ളിയാഴ്ചയുടെ തലേദിവസം വ്യാഴാഴ്ച അവിടെ എത്തുന്നതാണെന്ന്.

23-നു ഉച്ചതിരിഞ്ഞു പഴയസിമ്മനാരിയിൽ നിന്നും തിരിച്ചു തുമ്പമൺ വടക്കേക്കര പള്ളിയിൽ എത്തി.

113/27-8-110. നമ്മുടെ മലങ്കരെയുള്ള എല്ലാ പള്ളിക്കാർക്കും.

പ്രിയരെ, നമ്മുടെ ചക്രവർത്തി തിരുമനസ്സിലെ രജതജൂബിലി അടുത്ത മേടം 23-നു ആണല്ലോ. അന്നു പകൽ 7 മണിക്കു നമ്മുടെ എല്ലാ പള്ളികളിലും ചക്രവർത്തി തിരുമനസ്സിലെ ദീർഘായുസ്സിനും സുഖത്തിനും ബ്രിട്ടീഷു രാജ്യത്തിന്റെ നിലനിൽപ്പിനുംവേണ്ടി പ്രത്യേകം ശുശ്രൂഷകൾ നടത്തണമെന്നു നാം ആജ്ഞാപിക്കുന്നു. അടുത്ത മേട മാസം 9-നു ഞായറാഴ്ച എല്ലാ പള്ളികളിലും ഒരു കാണിക്ക എടുക്കുകയും ആയതു രജതജൂബിലി ഫണ്ടിലേക്കു അയയ്ക്കുകയും ചെയ്യണം. ശേഷം പിന്നാലെ. തുമ്പമൺ വടക്കേക്കര പള്ളിയിൽ നിന്നും.

114/28-8-110. നമ്മുടെ തുമ്പമൺ വടക്കേക്കര കാദിശ്ത്താ പള്ളിക്കാർക്ക്.

പ്രിയരെ, നാം ഈ പള്ളിയിൽ എത്തി പള്ളിപൊതുയോഗം ഒന്നിലധികം പ്രാവശ്യം കൂടുകയും ചില നിശ്ചയങ്ങൾ എല്ലാം ചെയ്കയും താനുവേലിൽ കോശി ശെമ്മാശനു കത്തനാരുപട്ടം കൊടുക്കുകയും ചെയ്തല്ലോ. നമ്മുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗങ്ങളുടെ നിശ്ചയപ്രകാരം നടന്നുകൊള്ളണം. ടി കോശി കത്തനാരെ വേറൊരു കല്പന ഉണ്ടാകുന്നതുവരെയ്ക്കും ഈ പള്ളിയുടെ വികാരിയായി നാം നിയമിച്ചിരിക്കുന്നു. ഇവിടെ സണ്ടേസ്കൂൾ, യുവജനസംഘം, സ്ത്രീസമാജം മുതലായവ ക്രമമായി നടത്തിക്കൊള്ളണം. മനുഷ്യർ ദൈവീകത്തിൽ വളരുകയും അവരെ അതിൽ അഭ്യസിപ്പിക്കയും ചെയ്യേണ്ടതു പ്രത്യേക ചുമതലയാണ്. അതു കൂടാതിരിക്കുന്നതുകൊണ്ട് ദൈവീകമില്ലാത്തവരായി സ്വസ്നേഹികളായി സ്വാർത്ഥ തൽപ്പരതയിൽ മനുഷ്യർ ജീവിക്കുകയും പള്ളികളിലും ദേശങ്ങളിലും സമാധാനം ഇല്ലാത്തവരായി വഴക്കുകളും അലോഹ്യങ്ങളും ഉണ്ടാക്കുന്നവരായി സത്യമില്ലാത്തവരായി തീർന്നിരിക്കുന്നു. ഇതിനെ സംബന്ധിച്ച് നാം ഏറ്റവും വ്യസനിക്കുന്നു. മനുഷ്യരുടെ ആത്മികസംഗതികൾ നോക്കേണ്ട ചുമതല നമുക്കുണ്ട്. സാത്താൻ അതിനു സമ്മതിക്കുന്നില്ല. നല്ല കാര്യം തുടങ്ങുന്നിടത്തെല്ലാം അവർ വഴക്കും കലഹവും ഉണ്ടാക്കുന്നു. അവനെ ജയിപ്പാനുള്ള ശക്തി നമുക്കില്ല. അതിനാൽ സാത്താനേയും ജഡത്തേയും ലോകത്തേയും ജയിപ്പാനുള്ള ശക്തി നാം പ്രാപിക്കണം. അതിനായിട്ടു മനുഷ്യരെ അഭ്യസിപ്പിക്കണം. അതിനാണു പള്ളി. നിങ്ങൾ ദൈവത്തിന്റെ മക്കളായി ജീവിച്ചു കാണ്മാൻ നാം അതീവ വാഞ്ചയോടിരിക്കുന്നു. ശേഷം പിന്നാലെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. തുമ്പമൺ വടക്കേക്കര പള്ളിയിൽ നിന്നും.

115/28-8-110. നമ്മുടെ താനുവേലിൽ കോശി കത്തനാർക്ക്.

പ്രിയനെ, വേറൊരു കല്പന ഉണ്ടാകുന്നതുവരേയ്ക്കും തുമ്പമൺ വടക്കേക്കര കാദിശ്ത്താ പള്ളിക്കു വികാരിയായി ഈ കല്പന മൂലം തന്നെ നാം നിയമിച്ചിരിക്കുന്നു. ശേഷം പിന്നാലെ.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

സത്യാനന്തര യുഗത്തിലും പരിശുദ്ധാത്മാവിനെ അനുസരിച്ച്

ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

സ്വർഗ്ഗാരോഹണ പെരുന്നാൾ കഴിഞ്ഞ് പെന്തിക്കോസ്തി പെരുന്നാളിലെ പരിശുദ്ധാത്മാനുഭവത്തിനായി ഒരുങ്ങുന്ന കാത്തിരിപ്പിന്റെ സമയം ആണല്ലോ ഇത്.

യേശുക്രിസ്തു ഏറ്റവും അവസാനം സ്വർഗ്ഗാരോഹണത്തിന് തൊട്ടുമുമ്പ് ശിഷ്യന്മാരോട് നിങ്ങൾ യെരുശലേമിൽ നിന്ന് വാങ്ങിപ്പോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം (അപ്പോസ്തോല പ്രവൃത്തികൾ 1:4) എന്നു പറഞ്ഞു. അതനുസരിച്ച് പരിശുദ്ധ കന്യക മറിയാമും യേശുവിന്റെ ശിഷ്യന്മാരും യേശുവിനെ അനുഗമിച്ചവരും ഉൾപ്പെടെ ഏകദേശം 120 പേരുടെ സംഘം അങ്ങനെ കാത്തിരുന്നു പ്രാർത്ഥിച്ചതിന്റെ ഒടുവിൽ പരിശുദ്ധാത്മാവിന്റെ സമൃദ്ധമായ ആവാസം അവർക്ക് ഉണ്ടായി. ഇതെല്ലാം ഓർത്തുകൊണ്ടാണ് മാമോദീസയിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ചവരെങ്കിലും പരിശുദ്ധാത്മാവിനെ ജ്വലിപ്പിക്കുവാനായി പെന്തിക്കോസ്തി പെരുന്നാളിലേക്ക് പ്രാർത്ഥിച്ച് നാം ഒരുങ്ങുന്നത്.

വൈദിക സെമിനാരി പരിശീലനത്തിന്റെ അവസാന വർഷത്തിൽ ഞങ്ങൾ ഏതാനും ശെമ്മാശൻമാർ അന്ന് കാതോലിക്ക ബാവ ആയിരുന്ന പരിശുദ്ധ ബസേലിയോസ് മർത്തോമ മാത്യൂസ് ദ്വതീയൻ ബാവാ തിരുമേനിയെ കണ്ട് പെന്തിക്കോസ്തി പെരുന്നാളിന് മുമ്പായി കാത്തിരിപ്പ് ധ്യാനം പരുമലയിൽ നടത്തുന്നതിനെ സംബന്ധിച്ച് സംസാരിച്ചു. അത് നടപ്പാക്കുവാൻ പരിശുദ്ധ ബാവാ തിരുമേനി കൽപ്പിച്ചതനുസരിച്ച് 1991 മുതൽ കുറേ വർഷങ്ങളിൽ കാത്തിരിപ്പ് നാളുകളിൽ മൂന്ന് ദിവസങ്ങൾ ഉപവാസവും പ്രാർത്ഥനയും ആയി 500-ലധികം ആളുകൾ പരുമലയിൽ പ്രാർത്ഥനയോടെ കഴിഞ്ഞിരുന്നത് ദൈവസന്നിധിയിൽ നന്ദിയോടെ ഓർക്കുന്നു. ഒന്നിച്ചു കൂടാം കാത്തിരിക്കാം എന്നതായിരുന്നു അതിന്റെ പൊതു പ്രമേയം. ഇപ്പോഴും അങ്ങനെ ചില ഇടങ്ങളിൽ നടക്കുന്നുണ്ടാകും. ഓരോ കുടുംബവും ഓരോ ഇടവകയും ക്രിസ്തീയ ജീവിതത്തിന് വെല്ലുവിളികൾ ഏറിവരുന്ന ഈ നാളുകളിൽ കൂടുതലായി പരിശുദ്ധാത്മസഹായവും ശക്തീകരണവും തേടേണ്ടത് അനിവാര്യമാണല്ലോ.

ഓക്സ്ഫോർഡ് ഡിഷ്ണറി 2016 ലെ word of the year ആയി തിരഞ്ഞെടുത്തത് 'Post-Truth' ആണ്. എല്ലാ കാലഘട്ടങ്ങളിലും കള്ളവും വഞ്ചനയും ഉണ്ടല്ലോ. പിന്നെന്ത് സത്യാനന്തര യുഗം? വസ്തുനിഷ്ഠമായ സത്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമല്ല പൊതുജനാഭിപ്രായം രൂപപ്പെടുത്തേണ്ടത് എന്ന ഒരു ചിന്താഗതിയാണീ post truthism. വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളെക്കാൾ വികാരങ്ങളും സ്വാർത്ഥ താൽപര്യങ്ങളും കൂടുതലായി സ്വാധീനം ചെലുത്താൻ ഇടയാക്കുന്ന സാഹചര്യം ആണിത്. ഓക്സ്ഫോർഡ് ഡിഷ്ണറി നിർവചിക്കുന്നത് അനുസരിച്ച് 'post truth speaks of circumstances in which objective facts are less influential in shaping public opinion than appeals to emotion and personal belief.' ഐറിഷ് തത്വചിന്തകൻ Vittorio Bufacchi postruthism സംബന്ധിച്ച് എഴുതിയത് ഇങ്ങനെയാണ്, "Advocates of post-truth (post truthers)are devious: they are in the business of subverting truth... they feel threatened by truth, and therefore want to undermine or emasculate truth... Post truthers aim to delegitimise truth, since this is the best way to disarm the threat that truth poses to them."

സത്യം ഉയർത്തുന്ന ഭീഷണിയെ നേരിടുവാനുള്ള നല്ല വഴിയായി സത്യാനന്തര വാദികൾ കൈക്കൊള്ളുന്ന മാർഗമാണ് സത്യത്തെ അഥവാ സത്യമെന്ന മൂല്യത്തെ നിസ്സാരവൽക്കരിക്കുകയും നിർവീര്യമാക്കുകയും തികഞ്ഞ അവജ്ഞയോടെ തള്ളിക്കളയുകയും ചെയ്യുക എന്നുള്ളത്. രാഷ്ട്രീയത്തിലും മതത്തിലും സ്ഥാപനങ്ങളിലും ബിസിനസിലും കുടുംബങ്ങളിലും വ്യക്തിജീവിതങ്ങളിലും എല്ലാം ഈ വൈറസ് വല്ലാതെ ബാധിച്ചു തുടങ്ങിയിരിക്കുന്നത് ഇന്ന് പ്രകടമാണല്ലോ.



യേശു ശിഷ്യന്മാർക്ക് നൽകിയ വാഗ്ദാനം. 'സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും' എന്നതായിരുന്നല്ലോ (യോഹന്നാൻ 16 :13). ഗലാത്യലേഖനം അഞ്ചാം അധ്യായം പതിനാറാം വാക്യത്തിൽ പൗലോസ് ശ്ലീഹ നമ്മെ ഓർമ്മിപ്പിക്കുന്നത് 'ആത്മാവിനെ അനുസരിച്ച് നടപ്പിൻ' എന്നാണ്. ഈ രണ്ട് വാക്യങ്ങളും ചേർത്ത് ഈ കാലഘട്ടത്തിന്റെ പശ്ചാത്തലവും ഓർത്താണ് 'സത്യാനന്തര യുഗത്തിലും പരിശുദ്ധാത്മാവിനെ അനുസരിച്ച്' എന്ന വിഷയം രൂപപ്പെടുത്തിയത്.

ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ ഒരു പ്രധാന ഉദ്ദേശ്യം മനുഷ്യന് പരിശുദ്ധാത്മാവിനെ നൽകുവാൻ വേണ്ടിയായിരുന്നു എന്ന് ആദിമ ക്രിസ്തീയ സഭയ്ക്ക് ബോധ്യപ്പെട്ടിരുന്നു. മനുഷ്യാവതാരത്തിന്റെ തുടർച്ചയായി പരിശുദ്ധാത്മാവ് നൽകപ്പെട്ടു. പരിശുദ്ധാത്മാവിനെ വീണ്ടും നൽകി മനുഷ്യസൃഷ്ടിയെ പുതുക്കുകയും പൂർത്തീകരിക്കുകയും ചെയ്യുക എന്നതു ദൈവ പദ്ധതി ആയിരുന്നു എന്ന് രണ്ടാം നൂറ്റാണ്ടിൽ പ. ഐറേനിയോസ് എഴുതി. പരിശുദ്ധനായ അത്താനാസിയോസ് നാലാം നൂറ്റാണ്ടിൽ ഇങ്ങനെ എഴുതി 'the Logos took flesh that we might receive the Spirit'. വചനം ജഡമായത് പരിശുദ്ധാത്മാവിനെ നൽകുവാൻ വേണ്ടിയായിരുന്നു. വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ പോലെ ആകുവാനും ആ സത്യത്തിന് സാക്ഷികളായി ജീവിക്കുവാനും ഉള്ള വെളിച്ചവും ശക്തിയും ആണ് പരിശുദ്ധാത്മാവ് പകരുന്നത്.

യേശുക്രിസ്തു സത്യത്തിന്റെ ആത്മാവ് എന്ന് വിശുദ്ധിയോഹന്നാന്റെ സുവിശേഷത്തിൽ പല ആവർത്തി പറയുന്നുണ്ട്. അത് സത്യവിരുദ്ധമായ വഞ്ചനയുടെ മറ്റൊരാത്മാവിന് എതിരായിട്ടു കൂടിയാണ്. ദൈവത്തോട് കേട്ടിട്ടുള്ള സത്യം നിങ്ങളോട് സംസാരിക്കുന്ന മനുഷ്യനായ എന്നെ നിങ്ങൾ കൊല്ലുവാൻ നോക്കുന്നു എന്നും എന്റെ ഭാഷണം നിങ്ങൾ ഗ്രഹിക്കാത്തതെന്ത്, എന്റെ വചനം കേൾക്കാൻ നിങ്ങൾക്ക് മനസ്സിലായ്ക കൊണ്ട് അത്രെ എന്നും ഒക്കെ പറയുന്നതിന്റെ പിന്നാലെയാണ് പിശാച് എന്ന ആത്മാവിനെ കുറിച്ച് ക്രിസ്തു ഇങ്ങനെ പറയുന്നത്: 'അവൻ ആദ്യം മുതൽ കൊലപാതകനായിരുന്നു അവനിൽ സത്യമില്ലായ്ക കൊണ്ട് സത്യത്തിൽ നിൽക്കുന്നതും ഇല്ല. അവൻ ഭോഷ്ക്കു പറയുമ്പോൾ സ്വന്തത്തിൽ നിന്ന് എടുത്തു പറയുന്നു അവൻ ഭോഷ്ക് പറയുന്നവനും അതിന്റെ അപ്പനും ആകുന്നു' (യോഹന്നാൻ 8:44). ക്രിസ്തു സ്ഥാപിക്കുന്നത് ആ യഹൂദന്മാർ ഈ വഞ്ചനയുടെ ആത്മാവിന്

അടിമപ്പെട്ടു കഴിയുന്നതുകൊണ്ടാണ് സത്യമായവൻ തന്നെ വന്ന് സത്യം വെളിപ്പെടുത്തിയപ്പോൾ അവനെ നശിപ്പിക്കുവാൻ അവർ ശ്രമിക്കുന്നത് എന്നാണ്. ഈ വഞ്ചനയുടെ ആത്മാവിന്റെ ഭീകര താണ്ഡവം നടക്കുന്ന ഈ സത്യാനന്തര സൈബർ യുഗത്തിൽ

സത്യത്തിന്റെ ആത്മാവിനെ അനുസരിച്ച് നടക്കേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചിരിക്കുകയാണ്.

സത്യത്തിന്റെ പരിശുദ്ധാത്മാവ് സത്യത്തിന്റെ ആഴങ്ങളിലേക്ക് ഉള്ള ഉൾക്കാഴ്ച നൽകുകയാണ്. അപ്പോസ്തോലന്മാരെ ജ്ഞാനികളാക്കിയ പരിശുദ്ധാത്മാവ് നമുക്കും പകരുന്ന സത്യ ജ്ഞാനത്തിന്റെ നാലഞ്ച് തലങ്ങൾ ഒന്ന് ഓടിച്ചു നോക്കാം:

1. ദൈവസാന്നിധ്യ സത്യം

പരിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവും എന്നാണല്ലോ ത്രിത്വ നാമത്തിലുള്ള ആശീർവാദത്തിൽ ഉപയോഗിക്കുന്നത്. ദൈവ സഹവാസത്തിന് സഹായിക്കുകയാണ് പരിശുദ്ധ റൂഹാ. ദൈവം ഇനി അങ്ങ് അകലെയല്ല മറിച്ച് ഉള്ളിലെ സഹവാസവും സംസർഗവും ആണെന്ന വെളിച്ചമാണ് ഇത്. പരിശുദ്ധ റൂഹ പ്രാവ് രൂപത്തിൽ ഇറങ്ങി എന്നുള്ളതുകൊണ്ട് നമ്മുടെ ആരാധനയിൽ പ്രാവിന്റെ പ്രതീകം ഉപയോഗിക്കപ്പെടുന്നു. ഇന്ന് പ്രാവ് സമാധാനത്തിന്റെ പ്രതീകമായി കരുതപ്പെടുന്നെങ്കിലും വേദപുസ്തക രചനാ കാലത്ത് പ്രാവ് ദൈവ മനുഷ്യബന്ധം പുനഃസ്ഥാപിക്കാൻ സഹായിക്കുന്ന ഒരു ബലിവസ്തു ആയിരുന്നല്ലോ. റോമാ ലേഖനം 8:15 ൽ, 'അബ്ബാ പിതാവേ എന്ന് വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ നാം പ്രാപിച്ചത്' എന്നും അതിന്റെ പിന്നാലെ വേണ്ടും വണ്ണം പ്രാർത്ഥിക്കുന്നതിന് നമ്മുടെ ഉള്ളിലിരുന്ന് പരിശുദ്ധാത്മാവ് സഹായിക്കുന്നു എന്നും പറഞ്ഞിരിക്കുന്നു (റോമർ 8:26) .

ഓക്സിജനും ഗുരുത്വാകർഷണ ശക്തിയും കാണുവാൻ കഴിയുകയില്ലെങ്കിലും ഈ ഭൂമിയിൽ എവിടെ ചെന്നാലും അനുഭവിക്കാൻ കഴിയുമല്ലോ. ഇതുപോലെയാണ് ദൈവസാന്നിധ്യം. ആ സാന്നിധ്യം ഉള്ളിലേക്കും പകർന്ന് മനുഷ്യന്റെ അന്തരംഗം തുടരേണ്ട ആരാധനയുടെ ഉൾക്കാഴ്ചയും സഹായവും നൽകുകയാണ് പരിശുദ്ധ റൂഹാ. ആ വിധമുള്ള രഹസ്യമായ ആരാധനയിലൂടെയും കൂടെ ആണല്ലോ പരസ്യമായ ആരാധനയ്ക്ക് ഒരുങ്ങുന്നത്. യേശുവിന്റെ ജീവിതം മുഴുവൻ തന്റെ സ്വർഗീയ പിതാവിന്റെ സാന്നിധ്യവും സംസർഗ്ഗവും നിറഞ്ഞു നിന്നിരുന്നു എന്ന് സുവിശേഷങ്ങൾ വ്യക്തമാക്കുന്നു. കഷ്ടതകളിലും സമാധാനചിത്തരായി അതിജീവനം അന്വേഷിക്കുവാനുള്ള വെളിച്ചമാണ് ക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിലൂടെയും ലോകത്തിലേക്ക് പ്രസരിച്ചത്. ക്രിസ്തുവിനോടുള്ള കൂട്ടായ്മയിൽ കഴിയുമ്പോൾ ദൈവത്തിന്റെ സാന്നിധ്യവും സംസർഗവും അനുഭവിക്കുന്ന സ്വർഗീയ സന്തോഷത്തിൽ ആകും ഇവിടെ വച്ചു തന്നെ. ഇത് സത്യം സത്യം.

2. വചനത്തിന്റെ സത്യം

യേശു വെളിപ്പെടുത്തിയത് അനുസരിക്കുന്ന ഏതൊരു വ്യക്തിക്കും സമൂഹത്തിനും അൽഭുതാവഹമായ സന്തോഷവും സമാധാനവും ജീവിത വിജയവും സാധ്യമാകും എന്ന സത്യ ജ്ഞാനമാണ് പരിശുദ്ധാത്മാവ് പകരുന്നത്. ക്രിസ്തുവിന്റെ എല്ലാ വെളിപ്പെടുത്തലുകളും കൽപ്പനകളും ദൈവ രാജ്യത്തിന്റെ സ്വാതന്ത്ര്യവും സന്തോഷവും സാക്ഷാത്കാരവും ചരിത്രത്തിൽ വെച്ച് തന്നെ കുറെയധികം സാധ്യമാക്കി തരും. ഓരോ സുവിശേഷ പ്രബോധനത്തോടും ബന്ധപ്പെട്ട് അത് മുറുകെ പിടിക്കുന്നവർക്ക് ഇവിടെ വെച്ച് തന്നെ ലഭിക്കാനിരിക്കുന്നതും ഇതിനപ്പുറത്ത് വരുവാൻ ഇരിക്കുന്നതുമായ ആ സന്തോഷത്തിലേക്കുള്ള ഉൾക്കാഴ്ചയും ഉൾകരുത്തും പരിശുദ്ധ റൂഹാ നമുക്ക് നൽകുന്നു. സുവിശേഷ പ്രബോധനങ്ങൾ ആദ്യ കാഴ്ചയിൽ അത്ര സുഖകരമായി തോന്നുകയില്ലായിരിക്കും. എന്നാൽ അത് അനുസരിക്കുന്നവർക്ക് സുബോധവും സമാധാനവും സ്വാതന്ത്ര്യവും സന്തോഷവും ലഭിക്കും എന്ന സത്യം വ്യക്തമാക്കി തരുന്നു പരിശുദ്ധാത്മാവ്. അതുകൊണ്ടാണ് യേശു പറഞ്ഞത് 'പിതാവ് എന്റെ നാമത്തിൽ അയക്കാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും' എന്ന് (യോഹന്നാൻ 14 :26)

വിശ്വാസപ്രമാണത്തിൽ മൂന്നാമത്തെ ഖണ്ഡികയിൽ 'നിബിയൻമാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനും' എന്ന് പരിശുദ്ധ റൂഹായെ കുറിച്ച് പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. ഇൻഫോർമേഷൻ റവല്യൂഷൻ നടക്കുന്ന ഇക്കാലത്തും സുവിശേഷ സത്യങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ തിരിച്ച് പരിശുദ്ധ റൂഹാ സത്യ ജ്ഞാനം പകരുന്നു. വേദ പരിജ്ഞാനത്തിലേക്ക് പ്രത്യേകിച്ച് വേദപുസ്തകത്തിന്റെ കേന്ദ്രമായ ക്രിസ്തുവിലേക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കുകയാണ് പരിശുദ്ധാത്മാവ്. വേദപുസ്തകത്തിൽ ഏറ്റവും പ്രധാനമായ സുവിശേഷങ്ങൾ ഉൾപ്പെടെയുള്ള എഴുത്തുകൾ രൂപപ്പെടുത്തുവാൻ പ്രേരിപ്പിച്ച പരിശുദ്ധാത്മാവ് ഇന്നും അതിലൂടെ നമ്മോട് ഇടപെട്ട് ക്രിസ്തുവെന്ന സത്യത്തിൽ നമ്മെ ഉറപ്പിച്ച് ഈ അസ്ഥിരവും അസ്വസ്ഥവുമായ കാലഘട്ടത്തിലും സുസ്ഥിരവും സമാധാന പൂർണ്ണവുമായ ജീവിതത്തിനും ഉത്തമ സാക്ഷ്യത്തിനും സഹായിക്കുകയാണ്. വചനത്തിന്റെ സഫലത സത്യം സത്യം.

3. പാപത്തിന്റെ സത്യം

പാപത്തിന്റെ ദുരന്തഫലം ഒരു സത്യമാണെന്ന് പരിശുദ്ധാത്മാവ് ഓർമിപ്പിക്കുന്നു. യേശു വ്യക്തമായി പറഞ്ഞതാണ് 'പരിശുദ്ധാത്മാവ് വരുമ്പോൾ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തും' എന്ന് (യോഹന്നാൻ 16 :8.). തിന്മയെ മഹത്വ വൽക്കരിക്കുന്ന ഒരു ചുറ്റുപാടിൽ തിരുത്തേണ്ടവയെ തിരുത്തുവാൻ, പാപബോധം ഉണ്ടാകുവാൻ വളരെയധികം കൃപ തേടേണ്ടിയിരിക്കുന്നു. അതിന്റെ ഭാഗമായാണ് പരിശുദ്ധാത്മാവേ വന്ന് സഹായിക്കേണമേ എന്ന് നാം ആത്മാർത്ഥമായി പ്രാർത്ഥിക്കേണ്ടത്.

ഏതാനും നാളുകൾക്ക് മുമ്പ് കേരളത്തിലെ ഒരു കോളേജ് ഹോസ്റ്റൽ പോലീസ് റെയ്ഡ് ചെയ്തപ്പോൾ അവിടെ ധാരാളമായി ലഹരി ഉപയോഗിക്കുകയും വിൽക്കുകയും ചെയ്തിരുന്ന ഒരു മുറിയുടെ മുമ്പിൽ എഴുതി വെച്ചിരുന്നത് സ്വർഗ്ഗവാതിൽ എന്നായിരുന്നു എന്ന് മാധ്യമങ്ങളിൽ കാണുകയുണ്ടായി. ഏദൻ കഥയിലെ പ്രലോഭനത്തിൽ എന്നതുപോലെ ഇവിടെയും ഈ ലോകത്തിലെ നരകത്തിലേക്കുള്ള വഴിയും വാതിലും സ്വർഗീയമായിട്ട് ആണ് അവതരിപ്പിക്കപ്പെടുന്നത്. അതിന്റെ പിന്നിൽ വഞ്ചനയുടെ ആത്മാവ് ആണ്. ഒരു വിഷകുപ്പിയുടെ പുറത്ത് പോയിസൺ എന്ന് എഴുതിയിരിക്കുന്ന സ്റ്റിക്കർ മാറ്റിയിട്ട് മധുരപാനീയം എന്ന് അതിന് പകരം അവിടെ എഴുതി ഒട്ടിച്ചിട്ട് അതിലെ ദ്രാവകം കുടിച്ചാലും അനന്തരഫലം ദുരിതവും ദുരന്തവും ആയിരിക്കുമല്ലോ. പല ചതികളും തട്ടിപ്പുകളുംഈ വിധമാണ് വരുന്നത്. അതുകൊണ്ട് പാപത്തെക്കുറിച്ച് ബോധം വരുത്തുന്ന പരിശുദ്ധാത്മാവിന്റെ സഹായം ഏറെ ആവശ്യമായിരിക്കുകയാണ്.

തിന്മയുടെ അനന്തരഫലം അത് ചെയ്യുന്ന വ്യക്തിയിൽ മാത്രം പരിമിതപ്പെടുന്നില്ല. ആ വ്യക്തിയിലൂടെ പല കുടുംബങ്ങളിലേക്കും ബന്ധപ്പെട്ടിരിക്കുന്ന സമൂഹത്തിലേക്കും എല്ലാം അതിന്റെ അന്ധകാരവും വിനാശവികിരണങ്ങളും പ്രസരിക്കുക തന്നെ ചെയ്യും. ഒരു വള്ളത്തിലോ ബോട്ടിലോ യാത്ര ചെയ്യുന്ന ഒരു കുട്ടി താനിരിക്കുന്നതിന്റെ താഴെ ദ്വാരം ഉണ്ടാക്കി അതിൽക്കൂടെ ഉള്ളിലേക്ക് ഉയർന്നുപൊങ്ങുന്ന വെള്ളത്തിന്റെ ഫൗണ്ടനിൽ കളിക്കുകയും കുളിക്കുകയും ചെയ്തു രസിക്കുന്നു എന്ന് കരുതുക. എന്നാൽ ക്രമേണ ബോട്ട് മുഴുവനായും വെള്ളത്തിലേക്ക് താഴുമ്പോൾ ആ കുട്ടിക്ക് മാത്രമല്ല അതിൽ യാത്ര ചെയ്യുന്നവർക്കും അതിന്റെ ഉടമസ്ഥർക്കും എല്ലാം എത്രയധികം നാശമാണ് അത് വരുത്തി വയ്ക്കുന്നത് എന്ന് ഓർക്കേണ്ടതാണ്.

പാപത്തിന്റെ ശമ്പളം മരണം എന്ന് തിരുവചനം പഠിപ്പിക്കുന്നു. തിന്മയുടെ അനന്തരഫലം ഏത് കാലത്തും നാശമാണെന്നത് സത്യം സത്യം.

4. ദൈവീകരണത്തിന്റെ സത്യം

മനുഷ്യസൃഷ്ടിയിലേ നിക്ഷേപിക്കപ്പെട്ടിട്ടുള്ള അനന്തമായ ആത്മീയ സാധ്യതയെ കുറിച്ചുള്ള പരാമർശം ആണ് ഉല്പത്തി 1: 26 ൽ പറഞ്ഞിരിക്കുന്ന ദൈവ സ്വരൂപത്തിലും സാദൃശ്യത്തിലും ഉള്ള മനുഷ്യസൃഷ്ടി എന്നത്. ഇത് ദൈവീക ഗുണഗണങ്ങളിൽ ക്രിസ്തുവിനെപ്പോലെ ആയിത്തീരുവാനുള്ള വലിയ ആത്മീയ സാധ്യതയാണ്. ഏതു മനുഷ്യനിലും നിക്ഷേപിക്കപ്പെട്ടിട്ടുള്ള ഈ ഒരു സാധ്യതയെ കാണുവാനും അതിനെ പരിപോഷിപ്പിക്കുവാനും പരിശുദ്ധ റൂഹ സഹായിക്കും. പരിശുദ്ധനായ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു, 'കർത്താവിന്റെ ആത്മാവ് ഉള്ളടത്ത് സ്വാതന്ത്ര്യമുണ്ട് മൂട് പടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസിനെ കണ്ണാടി പോലെ പ്രതിബിംബപ്പിക്കുന്ന വരായി നാമെല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്മേൽ തേജസ്സ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു' (രണ്ട് കൊരിന്ത്യർ 3:17, 18). 'അതേ പ്രതിമയായി' എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നത് യേശുക്രിസ്തുവിന്റെ

സ്വരൂപത്തിലേക്ക് നാം രൂപാന്തരപ്പെടുന്നതിനെ കുറിച്ചാണ്. അതിനെ സംബന്ധിച്ച് പറയുന്ന ഈ വാക്യത്തിൽ അത് പരിശുദ്ധാത്മാവിന്റെ സഹായത്താൽ ആണെന്നും പറഞ്ഞിരിക്കുന്നു.

പരിശുദ്ധ റൂഹായെ പൊരുന്ന ആവസിക്കലും ആയി ബന്ധപ്പെടുത്തി പരാമർശിക്കുന്നത് സുറിയാനി ദൈവശാസ്ത്രത്തിൽ സുപ്രധാനമാണ്. അതുകൊണ്ടാണ് നമ്മുടെ വിശുദ്ധ കുർബാനയിൽ ശുശ്രൂഷക്കാരൻ വാത്സല്യമുള്ളവരെ ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി അർപ്പിക്കപ്പെട്ടിരിക്കുന്ന പരിശുദ്ധ കുർബാനമേൽ പൊരുന്നി ആവസിച്ച് അതിനെ തിരുശരീര രക്തങ്ങൾ ആക്കി മാറ്റുന്നതിനെ സംബന്ധിച്ച് പ്രബോധിപ്പിക്കുന്നത്. തള്ളപ്പിടക്കോഴി മുട്ടയുടെ മുകളിൽ പൊരുന്ന ഇരിക്കുമ്പോൾ ആ ചൂടിൽ മൊട്ടയുടെ ഉള്ളിലെ സാധ്യത കോഴിക്കുഞ്ഞുങ്ങൾ ആയിവിരിയുകയാണ്. അതിന് മുമ്പ് ആ കോഴികുഞ്ഞുങ്ങൾ ദ്രാവകരൂപത്തിൽ ഒരു സാധ്യത മാത്രമായി കഴിയുകയായിരുന്നു. ഇതുപോലെ ഏതൊരു മനുഷ്യനിലും ഉള്ള ക്രിസ്തുവെന്ന സാധ്യത പൂർണ്ണപ്രകാശനത്തിനായി നോക്കി പാർത്തിരിക്കുകയാണ്. അവിടെ പരിശുദ്ധ റൂഹായുടെ പൊരുന്ന ആവാസം തുടർച്ചയായി ലഭിക്കുമ്പോൾ അതു യാഥാർത്ഥ്യമായിത്തീരുന്നു. ഈ പ്രപഞ്ചത്തിന്റെ രൂപപരിണാമങ്ങളിൽ എന്നപോലെ ഓരോ വ്യക്തിയുടെ ജീവിതത്തിലും പരിശുദ്ധ റൂഹാ മനുഷ്യത്വ പൂർണ്ണതയിലേക്ക് നയിക്കുകയാണ്. ഉണ്ടായിട്ടുള്ളതും ഉണ്ടാകുവാൻ ഉള്ളതുമായ സകലത്തെയും പൂർണ്ണമാക്കുന്ന പരിശുദ്ധ റൂഹായും നമ്മോടുകൂടെ എന്ന് വിശുദ്ധ കുർബാനയിൽ തിരു ശരീരരക്തങ്ങൾ ഉയർത്തി ആഘോഷിച്ചുകൊണ്ട് കാർമ്മികൻ പരിശുദ്ധ റൂഹായെ കുറിച്ച് പറയുന്നത് ഈ പശ്ചാത്തലത്തിൽ വളരെ വളരെ പ്രസക്തമാണ്. മനുഷ്യ ജീവിതത്തിൽ ഈ പൂർണ്ണതയിലേക്കുള്ള വളർച്ചയുടെ പ്രതിഫലനമാണ് സ്നേഹം സന്തോഷം സമാധാനം ദീർഘക്ഷമ ദയ പരോപകാരം വിശ്വസ്തത സൗമ്യത ഇന്ദ്രിയജയം എന്നിങ്ങനെയുള്ള പരിശുദ്ധാത്മ ഫലങ്ങൾ. (ഗലാത്യർ 5:22). ആയിത്തീരേണ്ടത് പോലെ ആയിത്തീരുവാൻ സഹായിക്കുന്ന പരിശുദ്ധ റൂഹായോട് സഹകരിക്കുമ്പോൾ ക്രിസ്തു ബന്ധത്തിൽ ആരാധനാ അനുഭവത്തിൽ വളർന്ന് ലോകത്തിന് ഒരു അനുഗ്രഹമാകുവാൻ സാധിക്കും. അത് ഓർത്തുകൊണ്ട് ആണ് വിശുദ്ധ മാമോദിസയുടെ അവസാനത്തെ ഹൂത്തോമാ പ്രാർത്ഥനയിൽ നീ ധരിച്ചിരിക്കുന്ന പരിശുദ്ധ റൂഹ നിന്നെ പൂർത്തീകരിക്കട്ടെ എന്ന് ആശംസിച്ചു പ്രാർത്ഥിക്കുന്നത്. ആ വിധത്തിൽ ദൈവീകരണത്തിൽ പുരോഗമിക്കുമ്പോൾ ആണ് യഥാർത്ഥത്തിൽ നാം മനുഷ്യരായി തീരുന്നത് എന്നോർക്കാം. വ്യക്തിയുടെ പെന്തിക്കോസ്തി ആയ മാമോദിസയിലെ ഒരു പ്രാർത്ഥന കർത്താവേ തിരുമുഖ ശോഭ ഇവനിൽ അഥവാ ഇവളിൽ പ്രതിബിംബിക്കേണമേ എന്നാണല്ലോ. സാങ്കേതിക വിദ്യകൾ അഥവാ ടെക്നോളജി കൂടുതൽ നമ്മുടെ ബയോളജിയിലേക്ക് കടത്തിവിട്ട് നമ്മളെ കൂടുതൽ കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കുന്നതിന്റെ പത്തിരട്ടി മനുഷ്യ സന്തോഷവും ലോക സമാധാനവും ഉറപ്പുവരുത്താനുള്ള മാർഗമാണ് ഈ ദൈവികരണം. അതിനാണ് പരിശുദ്ധാത്മാവിനാൽ നിറയേണ്ടത്. ദൈവീകരണ സാധ്യത സത്യം സത്യം എന്ന് പരിശുദ്ധാത്മാവ് ഓർമിപ്പിക്കുന്നു. അതിന് സഹായിക്കുകയും ചെയ്യുന്നു

5. ഐക്യദർശന സത്യം

പരിശുദ്ധ റൂഹാ സഭയുടെ ഐക്യത്തിന്റെ അടിസ്ഥാന തത്വമാണ്. ആദിമ സഭയിൽ ശിഷ്യരുടെ ഇടയിൽ പോലും വിഭാഗീയത ഉണ്ടായിരുന്നെങ്കിലും പരിശുദ്ധ റൂഹായുടെ പെന്തക്കോസ്തി അനുഭവത്തോടെ ആ സമൂഹം ഏക ഹൃദയവും ഏക മനസ്സും ഉള്ളവരായി എന്ന് തിരുവചനത്തിൽ വായിക്കുന്നു. (അപ്പോസ്തോല പ്രവൃത്തികൾ 4:31, 32). നാം അധിവസിക്കുന്ന അനേക ഗാലക്സികൾ ഉള്ള കോടാനുകോടി നക്ഷത്രങ്ങൾ ഉള്ള ഈ പ്രപഞ്ചം മുഴുവൻ ഒരു കുടുംബമാണ്. നമ്മുടെ ഈ ഭൂമിയിൽ അധിവസിക്കുന്ന എല്ലാവരും ഒരേ കുടുംബത്തിന്റെ ഭാഗമാണ്. ഒരേ സ്രോതസ്സിൽ നിന്നാണ് എല്ലാം എന്ന് മനസ്സിലാക്കുകയും ഒരേ വാഹനത്തിലെ സഹയാത്രികരാണ് നാമെന്ന് തിരിച്ചറിയുകയും ചെയ്ത് എല്ലാ വിഭാഗീയതകൾക്കും ഉപരിയായി ഐക്യവും സാഹോദര്യവും ഉറപ്പുവരുത്തുകയും ചെയ്യുവാൻ ഈ ഐക്യത്തിന്റെ അടിസ്ഥാന സത്യം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതിലേക്ക് വെളിച്ചം പകർന്ന് ഈ ലോകത്തിൽ സാക്ഷ്യം നിർവഹിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന സമൂഹമാണല്ലോ സഭ. ബാബേൽ കോട്ട പണിത് ഒരു സമൂഹം തങ്ങളുടെ പ്രതാപവും അഹന്തയും പ്രകടിപ്പിക്കാൻ ശ്രമിച്ചപ്പോൾ അവരുടെ ഭാഷ കലങ്ങി ശിഥിലീകരണം ഉണ്ടായത് പഴയ നിയമത്തിൽ നാം വായിക്കുന്നു. എന്നാൽ ആസ്ഥാനത്ത് വിനയത്തോടും സ്നേഹത്തോടും ക്രിസ്തുവിന് വിധേയപ്പെട്ട് പരിശുദ്ധാത്മ സഹായത്താൽ ദൈവബന്ധത്തിൽ പരിശുദ്ധ ത്രിത്വത്തെ പ്രതിഫലിപ്പിക്കാൻ തക്കവിധം പുതിയ നിയമസഭ രൂപപ്പെട്ടപ്പോൾ ഭാഷകൾക്കു ഉപരിയായ ഏകീകരണം ഉണ്ടായല്ലോ. അതുകൊണ്ട് പെന്തപെന്തിക്കോസ്ത് അനുഭവം ഉണ്ടായപ്പോൾ പത്രോസ് ശ്ലീഹാ പ്രസംഗിച്ചത് വിവിധ ദേശങ്ങളിൽ നിന്ന് അവിടെ യെരുശലേമിൽ വന്നു കൂടിയ യഹൂദന്മാർക്ക് അത് അവരവരുടെ ഭാഷയിൽ മനസ്സിലായി എന്ന് അപ്പോസ്തോല പ്രവൃത്തികൾ രണ്ടാം അധ്യായത്തിൽ പറഞ്ഞിരിക്കുന്നു. സഭ ലോകത്തിൽ ഐക്യത്തിന്റെ അടയാളവും ഉപകരണവും ആയി നിയോഗിക്കപ്പെട്ടിരിക്കുകയാണല്ലോ.

ക്രിസ്തു മുഖാന്തരം നമുക്ക് ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്ക് പ്രവേശനം ഉണ്ട്. ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളും അല്ല വിശുദ്ധന്മാരുടെ സഹ പൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ. (എഫേസ്യ ലേഖനം 2:18, 19.) യഹൂദന്മാരും വിജാതീയരും ഒരുമിച്ച് നിന്ന് ആരാധിക്കുന്ന ഒരു സഭയെക്കുറിച്ച് യേശുവിന് മുമ്പ് സ്വപ്നം കാണാൻ പോലും കഴിയുന്ന കാര്യമല്ലായിരുന്നു. എന്നാൽ പരിശുദ്ധാത്മാവിനാൽ ഇതു സാധ്യമായി എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

യഹൂദൻ വെറുത്തു മാറ്റി നിർത്തിയിരുന്ന ശമര്യ വിഭാഗത്തോട് യഹൂദന് ഉണ്ടായിരുന്ന കടുത്ത വിദ്വേഷത്തിന്റെ പ്രതിഫലനമായിരുന്നല്ലോ ശമരിയയിലൂടെയുള്ള യാത്ര അനുവദിക്കപ്പെടാതിരുന്നപ്പോൾ യാക്കോബും യോഹന്നാനും തീ ഇറക്കി അവരെ നശിപ്പിക്കണമെന്ന് യേശുവിനോട് പറയുന്നത്. തീവ്രമായ യഹൂദ മത വർഗീയതയിൽ നിന്നാണ് അങ്ങനെയൊരു നശീകരണ ചിന്ത രൂപപ്പെടുന്നത്. എന്നാൽ യേശു അവരെ തിരുത്തി താൻ വന്നത് ഇങ്ങനെയുള്ള പ്രശ്നങ്ങളിൽ നിന്നെല്ലാം മനുഷ്യരെ രക്ഷിച്ചെടുക്കുവാൻ ആണെന്ന് അവരെ മനസ്സിലാക്കി കൊടുക്കുന്നു. പിന്നീട് പരിശുദ്ധാത്മാവ് എന്ന തീ അവരുടെ മേൽ ഇറങ്ങിയപ്പോൾ അവരും സ്നേഹത്തിന്റെ അപ്പോസ്തോലന്മാരായി പരിണമിക്കുന്നു. അവസാന നിമിഷം വരെയും പരിശുദ്ധ യോഹന്നാൻ ശ്ലീഹ തന്റെ നാഥന്റെ ഉത്തമസാക്ഷിയായി നിരന്തരം പരസ്പരം സ്നേഹിക്കണം എന്ന് പ്രബോധിപ്പിച്ചിരുന്നതായ പാരമ്പര്യം നാം കേട്ടിട്ടുള്ളതാണല്ലോ. ആദിമ സഭ ഈ സമാധാന ദർശനം വളരെ ഗൗരവമായിട്ടാണ് എടുത്തിരുന്നത്. അതുകൊണ്ടാണ് ആദ്യ നൂറ്റാണ്ടിൽ പുതിയ നിയമ പുസ്തകങ്ങൾക്ക് പിന്നാലെ എഴുതപ്പെട്ട 'ഡിഡാക്കെ'എന്ന പുസ്തകത്തിൽ സഹോദരങ്ങളോട് രമ്യത ഇല്ലാത്തവൻ തങ്ങളുടെ ബലി അശുദ്ധമാകാതിരിക്കാൻ തക്കവണ്ണം അതിൽ സംബന്ധിക്കരുത് എന്ന് പറഞ്ഞിരിക്കുന്നത്.

ഐക്യദർശനം സത്യം സത്യമാണ് എന്ന ഉൾക്കാഴ്ച നൽകുകയും അതിലേക്ക് നമ്മെ പ്രചോദിപ്പിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ സഹായം നമുക്ക് തേടാം.

തിരുവചനത്തിലും ഓർത്തഡോക്സ് ആരാധനയിലും പരിശുദ്ധ റൂഹായെ സൂചിപ്പിക്കുവാൻ ഉപയോഗിക്കപ്പെട്ടിരിക്കുന്ന പല പ്രതീകങ്ങളിൽ ഏറ്റവും പ്രധാനമായുള്ള വയാണല്ലോ വായു, വെള്ളം, തീ എന്നുള്ളത്. ഇവയെല്ലാം നമ്മുടെ കൈക്കുള്ളിൽ ഒതുക്കുവാൻ കഴിയുന്നതല്ല. എന്നാൽ ജീവന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും ഏറ്റവും അത്യന്താപേക്ഷിതമാണ്. ഇതുപോലെ പരിശുദ്ധാത്മാവിനെ നമ്മുടെ പരിമിതമായ ബുദ്ധിയിലും ചിന്തയിലും പിടിച്ചൊതുക്കുവാൻ കഴിയുകയില്ലെങ്കിലും സമൃദ്ധമായ ജീവനും ശക്തമായ ക്രിസ്തീയ സാക്ഷ്യത്തിനും പരിശുദ്ധാത്മാവ് അത്യന്താപേക്ഷിതമാണ് എന്ന് ഓർമ്മിപ്പിക്കുവാൻ ഈ പ്രതീകങ്ങൾ വളരെ സഹായിക്കുന്നുണ്ട്.

യേശു പീലാത്തോസിനോടുള്ള സംഭാഷണ വേളയിൽ ചേവകർ തനിക്കു വേണ്ടി പോരാടേണ്ടിയ ആവശ്യമില്ലാത്ത വ്യത്യസ്തനായ രാജാവാണ് താനെന്ന് പറഞ്ഞശേഷം പറയുന്ന ഒരു കാര്യം ഇങ്ങനെയാണ്, 'സത്യത്തിന് സാക്ഷി നിൽക്കേണ്ടതിന് ഞാൻ ജനിച്ച് അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു. സത്യതൽപരനായവൻ എല്ലാം എന്റെ വാക്ക് കേൾക്കുന്നു.' വ്യത്യസ്തനായ ഈ രാജാവ് ലോകത്തിൽ തുടങ്ങിവച്ച ദൈവ രാജ്യത്തിന്റെ തുടർസാക്ഷ്യത്തിനായുള്ള നിയോഗം ആണല്ലോ പരിശുദ്ധാത്മാവിന്റെ മൂറോൻ അഭിഷേകത്താൽ പരിശുദ്ധ മാമോദിസായി യിലൂടെ നാമെല്ലാം സ്വീകരിച്ചിരിക്കുന്നത്. മാമോദിസാതൊട്ടിയിൽ കാർമ്മികൻ മാമോദിസ സ്വീകരിക്കുന്ന ആളുടെ തലയിൽ വലതു കൈ വെക്കുന്നത് ആ നിയോഗത്തെ സൂചിപ്പിക്കുന്ന ആദ്യ ഓർഡിനേഷൻ അഥവാ പട്ടത്വ സ്വീകരണത്തിന്റെ കർമ്മവും ആണല്ലോ. രാജാവും പുരോഹിതനും ഒക്കെ അഭിഷേകത്തിലൂടെ തങ്ങളുടെ നിയോഗം

സ്വീകരിച്ചതിനെ കുറിച്ച് പഴയ നിയമത്തിൽ നാം വായിക്കുന്നു. യേശു നാസറേത്തിൽ സുന്നഗോഗിൽ യെശയ്യാ പ്രവചനത്തിൽ നിന്ന് എടുത്തു വായിക്കുന്ന ഭാഗത്ത് ദരിദ്രരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്യുകയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിക്കാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദ വർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു എന്നു വായിക്കുന്നു. (വി.ലൂക്കോസ് 4:18, 19). മശിഹാ എന്ന വാക്കിന്റെ ആക്ഷരിക അർത്ഥവും അഭിഷിക്തൻ അഥവാ 'അനോയിന്റഡ്' എന്നാണല്ലോ. നാം മാമോദിസായിൽ സ്വീകരിച്ച അഭിഷേകവും ക്രിസ്തുവിന്റെ ഈ ദൗത്യം ഈ ലോകത്തിൽ തുടരുവാൻ ആണെന്ന് ഓർക്കാം. അതിന് കൂടുതൽ ശക്തി ലഭിക്കുന്നതിനാണ് പരിശുദ്ധാത്മാവിനായി കാത്തിരുന്ന് പ്രാർത്ഥിച്ച് പെന്തിക്കോസ്തിയിലേക്ക് വരുന്നത്. യേശു ഏറ്റവും അവസാനം പറഞ്ഞത് പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമരിയയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നാണ് (അപ്പോസ്തോല പ്രവൃത്തികൾ 1:8).

ചിലപ്പോൾ പരിശുദ്ധാത്മാവിന്റെ മന്ത്രണം മനസ്സാക്ഷിയിൽ ഒരു മൃദു സ്വരമായി മാത്രമാകും വന്നുചേരുന്നത്. അത് അട്ടഹാസമായി വന്നില്ലെങ്കിലും ആ മൃദുസ്വരത്തിന് ഹൃദയം തുറക്കുമ്പോൾ ജീവിതത്തെ പറുദീസയിലേക്ക് തുറക്കുകയും ജീവിതത്തിലൂടെ ലോകത്തിലേക്ക് പറുദീസ തുറക്കപ്പെടുകയും ആണ് ചെയ്യുന്നത്. എന്നാൽ അത്യധികമായ ഭയാശങ്കകളും സുരക്ഷിതത്വ ബോധവും വിവിധങ്ങളായ അടിമത്വങ്ങളും ആത്മാർത്ഥമായി വാതില് തുറക്കുന്നതിൽ നിന്ന് നമ്മെ പിന്തിരിപ്പിക്കാം.

പരിശുദ്ധാത്മാവേ വന്ന് സത്യ ജ്ഞാനം പകരേണമേ സത്യത്തിന് സാക്ഷിയാകുവാൻ ശക്തികരിക്കേണമേ എന്ന് ആത്മാർത്ഥതയോടെ നമുക്ക് പ്രാർത്ഥിക്കാം.

യെരുശലേമിൽ തന്നെ കാത്തിരുന്ന് പ്രാർത്ഥിക്കുവാനും അവിടെത്തന്നെ സാക്ഷ്യം തുടങ്ങി പിന്നീട് അതിരുകൾക്കപ്പുറത്തേക്ക് ലോകം മുഴുവൻ വ്യാപിപ്പിക്കുവാനും ശിഷ്യരോട് പറഞ്ഞത് വളരെ ശ്രദ്ധയിർഹിക്കുന്നതാണ്. തങ്ങളുടെ ഗുരുവിനെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്ത ഇടമായ യെരുശലേമിൽ തങ്ങൾക്കും പീഡനം ഉണ്ടാകും എന്ന് ശിഷ്യന്മാർ സ്വാഭാവികമായും ആശങ്കപ്പെട്ടിരുന്നു. എന്നാൽ ആ പ്രതിസന്ധികളിൽ നിന്ന് നിരാശപ്പെട്ട് ഓടിയൊളിക്കുന്നതിന് പകരം അവിടെത്തന്നെ നിന്ന് അതിനെ അതിജീവിക്കാനായി പുതുക്കത്തിന്റെ പ്രത്യാശ പകരുന്ന ശക്തീകരണം പരിശുദ്ധാത്മാവിലൂടെ പ്രാപിക്കുവാനാണ് ക്രിസ്തു ഓർമ്മിപ്പിച്ചത്. ശക്തിയിലും സ്വാധീനത്തിലും സമ്പത്തിലും ആൾബലത്തിലും എല്ലാം നിസ്സാരമായിരുന്ന ആ ചെറു ക്രിസ്തീയ സമൂഹം പരിശുദ്ധാത്മാവിന്റെ ശക്തിയാലും സഹായത്താലും ക്രിസ്തു തുടങ്ങിവച്ചതിനെ തുടർന്നു കൊണ്ടുപോകുവാൻ സജ്ജരായി വിജയിച്ചു. എത്ര നിരാശാജനകമായ സാഹചര്യത്തിലും പ്രത്യാശ പകരുന്ന ദൈവത്തിന്റെ പ്രവർത്തനമാണ് പെന്തിക്കോസ്തിയിൽ ലോകം കാണുന്നത്. പരിശുദ്ധാത്മാവിലൂടെയുള്ളആ പ്രത്യാശയുടെ അനുഭവത്തെക്കുറിച്ച് പരിശുദ്ധനായ പൗലോസ് ശ്ലീഹാ റോമർക്കെഴുതിയ ലേഖനം പതിനഞ്ചാം അദ്ധ്യായം പതിമൂന്നാം വാക്യത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

പ്രത്യാശ നൽകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധി ഉള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കു മാറാകട്ടെ.

സത്യാനന്തര സൈബർ യുഗത്തിലും സത്യത്തിന്റെ സാക്ഷികളായി സന്തോഷിക്കുവാനും പല കാരണങ്ങളാലും നിരാശപ്പെട്ട് തകർന്നിരിക്കുന്നവർക്കും ആ സന്തോഷം നൽകുവാനും സത്യത്തിന്റെ ആത്മാവ് നമ്മെ വഴി നയിക്കട്ടെ. പെന്തിക്കോസ്തി പെരുന്നാൾ ഏറ്റവും അനുഗ്രഹകരം ആകട്ടെ.



തിരുവനന്തപുരം പൗഡിക്കോണം മാതാമറിയം ആശ്രമ ചാപ്പലിൽ വച്ച് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസിനോടൊപ്പം തിരുവനന്തപുരം മണ്ഡലത്തിലെ യുവജനപ്രസ്ഥാന അംഗങ്ങൾ സന്ധ്യാനമസ്കാരത്തിലും തുടർന്നുള്ള യുവജന ധ്യാനത്തിലും, സംവാദത്തിലും പങ്കെടുത്തു.



ഗാസിയാബാദ് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ നേതൃത്വത്തിൽ വൃദ്ധരുടെയും രോഗികളുടെയും നിരാലംബരുടെയും പരിചരണത്തിനായി സമർപ്പിച്ചിരിക്കുന്ന തിരുവനന്തപുരത്തെ കാരുണ്യ വിശ്രാന്തിഭവന് സാമ്പത്തിക സഹായം നൽകുകയും, അനുമോദന ചടങ്ങ് സംഘടിപ്പിക്കുകയും ചെയ്തു. ഈ അവസരത്തിൽ തോമസ് ജോൺ റമ്പാച്ചനെയും റവ. ഡി. എൻ. വർഗീസ് ജോർജിനെയും റവ. സിസ്റ്റർ എലിസബത്തിനെയും അവരുടെ സമർപ്പിതവും കാരുണ്യപൂർണ്ണവുമായ സേവനത്തിന് ഗാസിയാബാദ് ഇടവക വികാരി ഫാ. ബിജു ഡാനിയേൽ പൊന്നാടയും, മമന്റോയും നൽകി ആദരിച്ചു.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാന കേന്ദ്ര പ്രതിനിധികളുടെ യോഗം പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ അധ്യക്ഷതയിൽ ദേവലോകം അരമനയിൽ നടത്തപ്പെട്ടു.



കോട്ടയം ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി ഫലവൃക്ഷ തൈകളുടെ നടൽ ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ വെച്ച് നടത്തപ്പെട്ടു. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് വൃക്ഷതൈ നട്ട് ഉദ്ഘാടനം ചെയ്തു. ഞാലിയാകുഴി ദയറാ സുപീരിയർ മത്തായി റമ്പാൻ, യുവജനപ്രസ്ഥാനം കേന്ദ്ര റീജിയണൽ സെക്രട്ടറി ഡാനി രാജു, ഭദ്രാസന സെക്രട്ടറി സിറിൽ മാത്യൂസ്, ഭദ്രാസന കമ്മിറ്റി അംഗങ്ങൾ വിവിധ യൂണിറ്റുകളിലെ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



താമാർ



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ദാവീദ് രാജാവിന്റെ മകളും അബ്ശാലോമിന്റെ സഹോദരിയുമായ ഒരു സുന്ദരിയായ യുവതിയായിരുന്നു താമാർ. അവൾ ഇസ്രായേലിലെ രാജകൊട്ടാരത്തിൽ താമസിച്ചു. അവളുടെ പേരിന്റെ അർത്ഥം 'ഈന്തപ്പന' എന്നാണ്. ഇത് പലപ്പോഴും സൗന്ദര്യത്തെയും കൃപയെയും സൂചിപ്പിക്കുന്നതാണ്. മറ്റുള്ളവർ ശ്രദ്ധിച്ച തരത്തിലുള്ള രൂപഭാവം അവൾക്കുണ്ടായിരുന്നു. അവളുടെ അർദ്ധസഹോദരനായ അമ്നോൻ പ്രധാനമായും അവളുടെ സൗന്ദര്യത്താൽ അവളിലേക്ക് ആകർഷിക്കപ്പെട്ടു. സൗന്ദര്യത്തിന്റെയും അന്തസ്സിന്റെയും പ്രതീകമായ താമാറിന്റെ ജീവിതം വാഗ്ദാനങ്ങൾ നിറഞ്ഞതായി തോന്നി. ഒരു രാജകുമാരി എന്ന നിലയിൽ, അവൾക്ക് സ്ഥാനവും ബഹുമാനവും ഉണ്ടായിരുന്നു. എന്നാൽ ബൈബിൾ അവളുടെ ജീവിതത്തിലെ രാജകീയ സന്തോഷത്തെക്കുറിച്ചല്ല, മറിച്ച് അവളുടെ ആഴത്തിലുള്ള വേദന, അവളനുഭവിച്ച അനീതി, അവളുടെ ആന്തരികശക്തി എന്നിവയെക്കുറിച്ചാണ് വെളിപ്പെടുത്തുന്നത്

താമാറിന്റെ ജീവിതം 2 ശമുവേൽ 13-ൽ പറഞ്ഞിരിക്കുന്നു. ഇത് വളരെ സങ്കടകരവും ഗൗരവമേറിയതുമായ ഒരു പരാമർശമാണ്. അവളുടെ അർദ്ധസഹോദരൻ അമ്നോൻ അവളെ എങ്ങനെ ഉപദ്രവിച്ചുവെന്നും അവളെ ആരും സംരക്ഷിച്ചില്ലെന്നും ഇവിടെ വ്യക്തമാക്കുന്നു. ചൂഷണം ചെയ്യപ്പെടുകയും നിശബ്ദരാക്കപ്പെടുകയും ചെയ്ത നിരവധി സ്ത്രീകളുടെ പ്രതീകമാണ് താമാർ. എന്നാൽ വലിയ കഷ്ടപ്പാടുകൾക്കിടയിലും,അവളുടെ ധൈര്യം, സത്യസന്ധത, മാന്യത എന്നിവ ബൈബിൾ എടുത്തു കാണിക്കുന്നു.

1. താമറിന്റെ നിഷ്കളങ്കതയും വിധേയത്വവും

താമാറിനെ വളരെ സുന്ദരിയായിട്ടാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്. എന്നാൽ താമറിന്റെ സൗന്ദര്യം പുറമേക്ക് മാത്രമല്ലായിരുന്നു. അവളുടെ മാന്യത പ്രകടിപ്പിക്കുന്ന രീതിയിൽ അവൾ വസ്ത്രം ധരിച്ചു. രാജകീയ പുത്രിമാർ ധരിക്കുന്ന തരത്തിലുള്ള ഒരു പ്രത്യേക വസ്ത്രം അവൾ ധരിച്ചിരുന്നുവെന്ന് ബൈബിൾ പറയുന്നു. അവൾ കുലീനതയോടെ ജീവിച്ചുവെന്നും ബഹുമാനത്തോടെ പെരുമാറിയെന്നും രാജകീയ സ്വത്വത്തെ വിലമതിച്ചുവെന്നും ഇത് കാണിക്കുന്നു.

സൗന്ദര്യം മങ്ങാൻ സാധ്യതയുണ്ടെങ്കിലും, താമാറിന്റെ രൂപം അവളുടെ സുന്ദരമായ പെരുമാറ്റവുമായി പൊരുത്തപ്പെട്ട് ശക്തമായ ഒരു മുദ്ര പതിപ്പിച്ചു. രോഗിയാണെന്ന് നടിച്ച അമ്നോനെ പരിചരിക്കാൻ അവളുടെ പിതാവ് അവളെ അയച്ചപ്പോൾ, താമാർ പരാതിപ്പെടാതെ അനുസരിച്ചു. ഇവിടെ താമറിന്റെ നിഷ്കളങ്കത വ്യക്തമാണ്. അവൾ തന്റെ കുടുംബത്തെ വിശ്വസിച്ചു. നന്മ ചെയ്യുന്നതിലും മൂപ്പന്മാരെ അനുസരിക്കുന്നതിലും അവളുടെ വിധേയത്വം പ്രകടമാണ്. താൻ വിശ്വസിക്കുന്ന ആരെങ്കിലും തന്നെ വേദനിപ്പിക്കുമെന്ന് അവൾ കരുതിയിരുന്നില്ല. അവനുവേണ്ടി ഭക്ഷണം തയ്യാറാക്കുമ്പോൾ അവൾ സ്നേഹവും കരുതലും കാണിച്ചു. അവൾ തന്നോട് പറഞ്ഞ കാര്യങ്ങൾ ശുദ്ധമായ ഹൃദയത്തോടെ ചെയ്യുകയായിരുന്നു.

2. വിശ്വാസവഞ്ചനയുടെ ഇര

താമറിന്റെ അർദ്ധസഹോദരനായ അമ്നോൻ അവളെ സ്നേഹിച്ചുവെന്ന് പറഞ്ഞു. പക്ഷേ അത് യഥാർത്ഥ സ്നേഹമായിരുന്നില്ല. അത് ജഡീകമായ ആഗ്രഹമായിരുന്നു. യോനാദാബ് എന്ന സുഹൃത്തിന്റെ സഹായത്തോടെ, താമാറിനെ കബളിപ്പിക്കാൻ അമ്നോൻ ഒരു പദ്ധതി തയ്യാറാക്കി. അവൻ രോഗിയാണെന്ന് നടിച്ച്, തന്നെ പരിചരിക്കാൻ താമറിനെ അയയ്ക്കാൻ ദാവീദ് രാജാവിനോട് ആവശ്യപ്പെട്ടു. ദാവീദ് സമ്മതിച്ചു. അമ്നോൻ രോഗിയാണെന്ന് നടിച്ച് തന്നെ പരിചരിക്കാൻ ആവശ്യപ്പെട്ടപ്പോൾ, താമാർ മോശമായ ഒന്നും സംശയിച്ചില്ല. അവൾ അനുസരണയുള്ളവളും കരുതലുള്ളവളുമായതിനാൽ അവൾ അവനെ സഹായിക്കാൻ പോയി. താമാർ അമ്നോന്റെ മുറിയിൽ പോയി, അവനുവേണ്ടി പാചകം ചെയ്തു, ദയയോടെ അവനെ സേവിച്ചു. ഇത് അവളുടെ സഹോദര സ്നേഹവും സഹായമനസ്കതയും കാണിക്കുന്നു.

എന്നാൽ അമ്നോൻ അവളെ ശാരീരിക ബന്ധത്തിന് നിർബന്ധിച്ചപ്പോൾ താമാർ ജ്ഞാനത്തോടും ധൈര്യത്തോടും കൂടി സംസാരിച്ചു. തന്നെ ഉപദ്രവിക്കരുതെന്ന് അവൾ അവനോട് അപേക്ഷിച്ചു. 'ഈ വഷളത്വം ചെയ്യരുതെ' എന്ന് പറഞ്ഞുകൊണ്ട് അവൾ അവനോട് ന്യായവാദം ചെയ്യാൻ പോലും ശ്രമിച്ചു. ഇത് അവളുടെ ധാർമ്മിക ഇച്ഛാശക്തിയെ കാണിക്കുന്നു. അവൾ ഭയപ്പെട്ടിരുന്നെങ്കിലും, അവൾ സത്യം സംസാരിച്ചു. താമാറിന്റെ വാക്കുകൾ ഒരു തെറ്റ് തടയാനുള്ള ഒരു ശ്രമം മാത്രമായിരുന്നില്ല; അത്തരം പ്രവൃത്തികൾ നിഷിദ്ധവും അപമാനകരവുമായി കണക്കാക്കപ്പെട്ടിരുന്നതുമായ ഇസ്രായേലിന്റെ ധാർമ്മികവും സാംസ്കാരികവുമായ മൂല്യങ്ങളുടെ പ്രതിഫലനമായിരുന്നു അവ.

പിന്നെ, ഭയങ്കരമായത് സംഭവിച്ചു. താമാർ അവനോട് അഭ്യർത്ഥിച്ചിട്ടും അമ്നോൻ അവളെ ശാരീരിക ബന്ധത്തിന് നിർബന്ധിച്ചു. 'ഈ അപമാനകരമായ കാര്യം ചെയ്യരുതേ' എന്ന് അവൾ പറഞ്ഞു. ഇസ്രായേലിൽ അത്തരം പ്രവൃത്തികൾ തെറ്റാണെന്ന് അവൾ അവനെ ഓർമ്മിപ്പിച്ചു. ദോഷം നിർത്താൻ ആഗ്രഹിച്ച്, സാധ്യമായ വിവാഹത്തെക്കുറിച്ച് രാജാവിനോട് സംസാരിക്കാൻ വാഗ്ദാനം ചെയ്തുകൊണ്ട്, തന്റെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട തിന്മയിൽ നിന്ന് ഒരു വഴി കണ്ടെത്താനും ബഹുമാനം പുനഃസ്ഥാപിക്കാനും താമാർ ഒരു വഴി തേടി. അപമാനം ഇരുവരെയും വിഴുങ്ങുന്നത് തടയാൻ പ്രതീക്ഷിച്ചുകൊണ്ട് അവൾ നീതിയിലും ന്യായത്തിലും വിശ്വസിച്ചു. പക്ഷേ അമ്നോൻ ശ്രദ്ധിച്ചില്ല. അവൻ അവളെ ഉപദ്രവിക്കുകയും പിന്നീട് കോപത്തോടെ അവളെ പറഞ്ഞയക്കുകയും ചെയ്തു. അവളുടെ നിരപരാധിത്വം ഉണ്ടായിരുന്നിട്ടും, അവളുടെ അർദ്ധസഹോദരൻ എന്ന നിലയിൽ, അവളെ സംരക്ഷിക്കേണ്ടതും അവളെ ഉപദ്രവിക്കാത്തതുമായ അമ്നോൻ താമാറിനെ വഞ്ചിച്ചു. കുടുംബാംഗങ്ങൾ എന്ന നിലയിൽ അവർക്കുണ്ടായിരുന്ന വിശ്വാസവും അടുപ്പവും അമ്നോൻ മുതലെടുത്തതിനാൽ ഈ വഞ്ചന കൂടുതൽ ആഴത്തിലാക്കുന്നു. താമാറിന് സംഭവിച്ചത് വെറും വ്യക്തിപരമായ വഞ്ചനയല്ല; അത് അവരുടെ സമൂഹത്തിന്റെ നിയമത്തിന്റെയും സാമൂഹിക ക്രമത്തിന്റെയും ആഴത്തിലുള്ള ധാർമ്മിക നിലവാരത്തിന്റെയും ലംഘനമായിരുന്നു.

അവളുടെ കഷ്ടപ്പാടുകൾ ശാരീരികം മാത്രമല്ല, വൈകാരികവും മാനസികവുമായിരുന്നു. കുറ്റകൃത്യം ചെയ്തതിനുശേഷം കോപത്തോടെ അമ്നോൻ അവളെ പുറത്താക്കിയതിന്റെയും, ഉപേക്ഷിക്കപ്പെട്ടതിന്റെയും വേദന താമാറിന് സഹിക്കേണ്ടി വന്നു. ഈ ഉപേക്ഷിക്കലും നീതി നിഷേധിക്കലും താമാറിനെ ഒറ്റപ്പെടുത്തുകയും ആഴത്തിൽ വേദനിപ്പിക്കുകയും ചെയ്തു. അവളുടെ അന്തസ്സിനെയും സുരക്ഷിതത്വബോധത്തെയും കുടുംബത്തിലും സമൂഹത്തിലും അവളുടെ സ്ഥാനത്തെയും ബാധിച്ച ഒരു കുറ്റകൃത്യമായിരുന്നു അത്. എന്നിരു

ന്നാലും, കുടുംബങ്ങൾക്കുള്ളിൽ സംഭവിക്കുമ്പോൾ പോലും ഇരകളെ ശ്രദ്ധിക്കുകയും നീതി തേടുകയും തെറ്റുകൾ പരിഹരിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ശക്തമായ ഓർമ്മപ്പെടുത്തലായി ഇത് നിലകൊള്ളുന്നു.

3. നിശബ്ദയാക്കിയിട്ടും തോല്ക്കാത്തവൾ

ആക്രമണത്തിനുശേഷം, താമാർ തന്റെ വിശുദ്ധിയുടെ പ്രതീകമായ പ്രത്യേക വസ്ത്രം വലിച്ചുകീറി. അവൾ തലയിൽ ചാരം പുരട്ടി വേദനയോടെ നിലവിളിച്ചു. എന്തോ ഭയാനകമായ കാര്യം സംഭവിച്ചുവെന്ന് കാണിച്ചുകൊണ്ട് അവൾ ദുഃഖത്തോടെ നടന്നു. ആ കാലങ്ങളിൽ, ഈ രീതിയിൽ ഉപദ്രവിക്കപ്പെട്ട സ്ത്രീകളോട് പലപ്പോഴും ലജ്ജയോടെ പെരുമാറിയിരുന്നു. താമാറിന്റെ ജീവിതം എന്നെന്നേക്കുമായി മാറി.അവളുടെ സഹോദരൻ അബ്ശാലോം അവളോട് ഇതേപ്പറ്റി മിണ്ടാതിരിക്കാനും തന്റെ വീട്ടിൽ താമസിക്കാനും പറഞ്ഞപ്പോൾ, ഇരകളുടെ മേൽ പലപ്പോഴും അടിച്ചേൽപ്പിക്കപ്പെട്ട നിശബ്ദതയെ അത് പ്രതിഫലിപ്പിച്ചു. അവളെ സംരക്ഷിക്കുകയാണെന്ന് അയാൾ കരുതിയിരിക്കാം, പക്ഷേ മിണ്ടാതിരിക്കാൻ ആവശ്യപ്പെട്ടതിന്റെ അർത്ഥം സത്യം മറഞ്ഞിരിക്കുകയാണെന്നാണ്. താമാർ ഒരു ഭയാനകമായ കുറ്റകൃത്യത്തിന് ഇരയായി, നീതി ലഭിച്ചില്ല. അവളുടെ പിതാവായ ദാവീദ് രാജാവ് പോലും കോപാകുലനാണെങ്കിലും അമ്നോനെ ശിക്ഷിക്കാൻ ഒന്നും ചെയ്തില്ല. അധികാരത്തിലിരുന്ന ആളുകൾ അവളെ എങ്ങനെ പരാജയപ്പെടുത്തിയെന്ന് ഇത് കാണിക്കുന്നു. അവർ അവളുടെ കഷ്ടപ്പാടുകൾ അവഗണിച്ചു, അത് മുറിവിനെ കൂടുതൽ ആഴത്തിലാക്കി. എന്നാൽ അവൾ തന്റെ വേദന മറയ്ക്കാൻ ശ്രമിച്ചില്ല. എല്ലാം ശരിയാണെന്ന് അവൾ പെരുമാറിയില്ല. അവൾ തന്റെ മേലങ്കി കീറി, തലയിൽ ചാരം പുരട്ടി, ഉറക്കെ കരഞ്ഞു. ആ സമയങ്ങളിൽ, ഇവ വിലാപത്തിന്റെയും പ്രതിഷേധത്തിന്റെയും വ്യക്തമായ അടയാളങ്ങളായിരുന്നു. അവൾ തന്റെ വേദന തുറന്നു പ്രകടിപ്പിച്ചു. ഇത് ബലഹീനതയല്ല – അത് ധൈര്യമായിരുന്നു. തന്റെ ദുഃഖം പ്രകടിപ്പിച്ചുകൊണ്ട്, തിന്മ മറയ്ക്കാൻ താമാർ വിസമ്മതിച്ചു. തനിക്ക് സംഭവിച്ചത് തെറ്റാണെന്നും കുറ്റവാളികളെ സംരക്ഷിക്കുന്നതിനോ വ്യാജ സമാധാനം നിലനിർത്തുന്നതിനോ വേണ്ടി തന്റെ വേദന മറച്ചുവെക്കില്ലെന്നും അവൾ ലോകത്തിന് കാണിച്ചുകൊടുത്തു. താമാർ ഒരു ഇരയായിരുന്നു, അവൾ നീതി അർഹിച്ചു. ദുഃഖകരമെന്നു പറയട്ടെ, ദാവീദ് രാജാവ് കോപിച്ചു, പക്ഷേ അവൻ ഒന്നും ചെയ്തില്ല. അമ്നോൻ ശിക്ഷിക്കപ്പെട്ടില്ല. അധികാരത്തിലിരുന്നവർ താമാറിന്റെ വേദന അവഗണിച്ചു. ഇത് താമാറിനെ വല്ലാതെ വേദനിപ്പിച്ചിരിക്കണം. എന്നിരുന്നാലും, അവൾ തന്റെ പിതാവിനെതിരെ മോശമായി സംസാരിക്കുന്നത് നാം കാണുന്നില്ല. അവൾ നിശബ്ദമായി തന്റെ സഹോദരൻ അബ്ശാലോമിന്റെ വീട്ടിൽ താമസിക്കാൻ പോയി.

താമാറിന്റെ നിശബ്ദ കഷ്ടപ്പാട് അവളുടെ ആഴമായ ദുഃഖത്തെ കാണിക്കുന്നു, മാത്രമല്ല അത് അവളെ പരാജയപ്പെടുത്തിയപ്പോഴും അവളുടെ പിതാവിന്റെ അധികാരത്തോടുള്ള ബഹുമാനത്തെയും കാണിക്കുന്നു. താമാർ കഷ്ടപ്പെട്ടിട്ടും, അവൾ സത്യം മറച്ചുവെച്ചില്ല. അവൾ തന്റെ ദുഃഖം ലോകത്തിന് കാണിച്ചുകൊടുത്തു. പ്രത്യേകിച്ച് അനീതിക്ക് ശേഷം വേദന പ്രകടിപ്പിക്കുന്നത് ബലഹീനതയുടെ അടയാളമല്ല, മറിച്ച് ആന്തരിക ശക്തിയുടെയും സത്യത്തിന്റെയും അടയാളമാണെന്ന് അവളുടെ പ്രവൃത്തികൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

4. താമാറിന്റെ ശക്തിയും വിപധി ധൈര്യവും

താമാറിന്റെ വിപധി ധൈര്യം അവളുടെ ഏറ്റവും ശ്രേഷ്ഠമായ ഗുണങ്ങളിൽ ഒന്നാണ്. തനിക്കെതിരെ നടന്ന ഭീകരമായ പ്രവൃത്തിയോടുള്ള താമാറിന്റെ പ്രതികരണം, അഗാധമായ ശക്തിയും അന്തസ്സും വെളിപ്പെടുത്തുന്നതാണ്. അന്തസ്സോടെ വേദന എങ്ങനെ സഹിക്കാമെന്നതിന്റെ ശക്തമായ ഉദാഹരണമാണ് താമാർ. അർദ്ധസഹോദരനായ അമ്നോൻ അവളെ പീഡിപ്പിച്ചതിനു ശേഷം, അവളുടെ മേൽ ചുമത്തിയ നാണക്കേട് മറച്ചുവെക്കാൻ അവൾ തീരുമാനിച്ചില്ല. തന്റെ മേലങ്കി കീറുകയും തലയിൽ ചാരം പുരട്ടുകയും ചെയ്യുന്നത് പുരാതന ഇസ്രായേലിൽ പരമ്പരാഗതമായി വിലാപത്തിന്റെയും ദുഃഖത്തിന്റെയും അടയാളങ്ങളായിരുന്നു. ഇവ ബലഹീനതയുടെ പ്രവൃത്തികളായിരുന്നില്ല – അവ സത്യത്തിന്റെയും നീതിയുടെയും ദുഃഖത്തിന്റെയും അടയാളങ്ങളായിരുന്നു. എന്നാൽ അവൾ സഹിച്ച അനീതിക്കെതിരായ ധിക്കാരത്തിന്റെ പ്രതീകാത്മക പ്രവൃത്തികൾ കൂടിയായിരുന്നു അവ.

തനിക്കു സംഭവിച്ച തെറ്റ് ഒരു ചെറിയ കാര്യമായി അംഗീകരിക്കാൻ അവൾ വിസമ്മതിച്ചു. സംഭവിച്ചത് തിന്മയാണെന്ന് അവൾക്കറിയാമായിരുന്നു, മറ്റുള്ളവർ അതങ്ങനെ അംഗീകരിക്കാത്തപ്പോഴും അവൾ സ്വന്തം നിലപാടിൽ ഉറച്ചുനിന്നു. കൊണ്ടു.

ജീവിതത്തിന്റെ ശേഷിച്ച കാലം അവൾ നിശബ്ദതയിലായിരുന്നു ജീവിച്ചത്. പക്ഷേ അവളുടെ ജീവിതം ഉച്ചത്തിൽ സംസാരിക്കുന്നു. ലോകം അന്യായമായിരിക്കുമ്പോഴും ഒരു വ്യക്തിക്ക് ധീരനും സത്യസന്ധനുമായിരിക്കാൻ കഴിയുമെന്ന് താമാർ കാണിക്കുന്നു. മറ്റുള്ളവർ ന്യായം എടുത്തുകളയാൻ ശ്രമിക്കുമ്പോഴും നമുക്ക് എപ്പോഴും നമ്മുടെ മൂല്യം നിലനിർത്താൻ കഴിയുമെന്ന് അവൾ നമ്മെ ഓർമ്മിപ്പിക്കുന്നു. അമ്നോൻ അവളെ ഉപദ്രവിക്കുന്നതിനു മുമ്പ് അവൾ അവനോട് സംസാരിച്ചു. അവൾ അവനോട് ന്യായവാദം ചെയ്യുകയും ശരിയും തെറ്റും ഓർമ്മിപ്പിക്കുകയും ചെയ്തു. ആക്രമണത്തിനുശേഷം, അവൾ ലജ്ജയിൽ ഒളിച്ചിരുന്നില്ല. അവൾ തന്റെ ദുഃഖം വെളിപ്പെടുത്തി. കീറിപ്പറിഞ്ഞ വസ്ത്രങ്ങളും ചാരവുമായി അവൾ കൊട്ടാരത്തിലൂടെ നടന്നു, തനിക്ക് അന്യായം സംഭവിച്ചുവെന്ന് മറ്റുള്ളവരെ അറിയിച്ചു.

എന്നാൽ താമാറിന് അർഹമായ നീതി ലഭിച്ചില്ല. അവളുടെ പിതാവ് നടപടിയെടുത്തില്ല. അമ്നോനെ കൊല്ലുന്നതിനുമുമ്പ് അവളുടെ സഹോദരൻ അബ്ശാലോം രണ്ട് വർഷം മൗനം പാലിച്ചു. എന്നാൽ താമാറിന്റെ പ്രവൃത്തികൾ ഇന്നും ഉച്ചത്തിൽ സംസാരിക്കുന്നു. ഇരകളെ പലപ്പോഴും അവഗണിക്കുന്ന ഒരു ലോകത്ത് സത്യം സംസാരിക്കുന്നതിന്റെ അർത്ഥമെന്താണെന്ന് അവൾ കാണിച്ചുതന്നു.

അതിനുശേഷം താമാറിന് എന്താണ് സംഭവിച്ചതെന്ന് ബൈബിൾ നമ്മോട് പറയുന്നില്ലെങ്കിലും, അവളുടെ ജീവിതം നമുക്ക് പ്രചോദനം നൽകുന്നു. നിശബ്ദത അനീതിയെ മറയ്ക്കരുതെന്നും ഇരകളെ കാണുകയും കേൾക്കുകയും ചെയ്യണമെന്നും അവൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

ദാവീദ് രാജാവിന്റെ മകളും അബ്ശാലോമിന്റെ സഹോദരിയുമായ താമാറിന്റെ ജീവിതം, വിശ്വാസവഞ്ചനയും അനീതിയും മൂലമുണ്ടാകുന്ന ആഴത്തിലുള്ള വേദനയെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നു. താമാർ ഒരു രാജകുമാരിയായിരുന്നു. ആദരണീയയും നിരപരാധിയുമാണെങ്കിലും, അവളുടെ അർദ്ധസഹോദരൻ അമ്നോൻ അവളെ പീഡിപ്പിച്ചപ്പോൾ അവളുടെ ജീവിതം തകർന്നു. നീതിയോ ആശ്വാസമോ ലഭിക്കുന്നതിനുപകരം, അവൾ നിശബ്ദയാക്കപ്പെടുകയും ദുഃഖത്തിൽ ഒറ്റപ്പെടുകയും ചെയ്തു. ഉയർന്ന സ്ഥാനങ്ങളിലുള്ളവർ പോലും എങ്ങനെ വളരെയധികം കഷ്ടപ്പെടുമെന്നും ദുരുപയോഗം ശരീരത്തെയും ആത്മാവിനെയും എങ്ങനെ ആഴത്തിൽ മുറിവേൽപ്പിക്കുമെന്നും ഇത് കാണിക്കുന്നു.

ഇരകളെ കുറ്റപ്പെടുത്തരുത്, അവരെ സംരക്ഷിക്കണം. താമാർ ഒരു തെറ്റും ചെയ്തില്ല. അമ്നോൻ അവളോട് തെറ്റ് ചെയ്തു. നമ്മൾ എപ്പോഴും നിരപരാധികളോടൊപ്പം നിൽക്കണം. താമാർ അമ്നോനെ തടയാൻ ശ്രമിച്ചു, പിന്നീട് അവൾ അവളുടെ ദുഃഖം പ്രകടിപ്പിച്ചു. അവൾ നിശബ്ദയായിരുന്നില്ല. അവളുടെ ധൈര്യം നമ്മെ തിന്മയ്ക്കെതിരെ സംസാരിക്കാൻ പഠിപ്പിക്കുന്നു. അനീതി തിരുത്തണം. ദാവീദ് രാജാവ് നടപടിയെടുക്കുന്നതിൽ പരാജയപ്പെട്ടു. അദ്ദേഹത്തിന്റെ നിശബ്ദത താമാറിനെ കൂടുതൽ വേദനിപ്പിച്ചു. നേതാക്കൾ ഇരയോട് സഹതപിക്കുകയും വേട്ടക്കാരനോട് കൂട്ടു ചേരുകയും ചെയ്യുന്ന പ്രവണത മാറ്റണം. ദുർബലരെ സംരക്ഷിക്കുകയും നീതി നടപ്പാക്കുകയും വേണം.

തെറ്റിനെതിരെ സംസാരിക്കേണ്ടതിന്റെയും വേദനിക്കുന്നവരോടൊപ്പം നിൽക്കേണ്ടതിന്റെയും പ്രാധാന്യത്തെക്കുറിച്ച് താമാറിന്റെ ജീവിതം ശക്തമായ സന്ദേശം നൽകുന്നു. എല്ലാ ഇരകൾക്കും സംരക്ഷണം ആവശ്യമാണ്. മുറിവേറ്റവരെ പരിപാലിക്കാൻ താമാറിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. അവർക്ക് പിന്തുണയും സ്നേഹവും നീതിയും ആവശ്യമാണ്. താമാറിന്റെ അനുഭവം വേദനാജനകമാണ്, ഒപ്പം അത് തീവ്രവുമാണ്. കഷ്ടപ്പാടുകളിൽ അവൾ ശക്തിയുടെ പ്രതീകമാണ്, അവളുടെ ശബ്ദം ഇന്നും നീതിക്കായി നിലവിളിക്കുന്നു. ആരും കേൾക്കാതെ പോകാത്ത ഒരു ലോകം, പ്രത്യേകിച്ച് നിരപരാധികളെ, നമ്മൾ കേൾക്കുകയും പഠിക്കുകയും ചേർത്തുനിർത്തുകയും വേണം. അനീതിക്ക് ശേഷമുള്ള നിശബ്ദതയും നിഷ്ക്രിയത്വവും കൂടുതൽ വേദനയുണ്ടാക്കുമെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. തെറ്റ് ചെയ്തയാൾ ആരായാലും, ദുർബലരെ സംരക്ഷിക്കാനും നീതി തേടാനും കുടുംബങ്ങളെയും സമൂഹങ്ങളെയും നേതാക്കളെയും ഇത് വെല്ലുവിളിക്കുന്നു. അവഗണിക്കപ്പെടുമ്പോഴും, സംസാരിക്കുന്നതിൽ താമാറിന്റെ ധൈര്യം, കേൾക്കപ്പെടാനും സുഖപ്പെടുത്താനും ആഗ്രഹിക്കുന്ന എല്ലാ ഇരകൾക്കും ഒരു ശബ്ദമായി തുടരുന്നു. അങ്ങനെ ശബ്ദമില്ലാത്തവരുടെ ശബ്ദമായി താമാറിന്റെ ജീവിതം നമ്മെ പ്രചോദിപ്പിക്കുന്നു.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം



പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായർ

(വി. ലൂക്കോസ് 7:27–35)

ഫാ. മോൻസി ഫിലിപ്പ്

പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായർ ഇന്നത്തെ വേദഭാഗം വി.ലൂക്കോസ് 7:27–35. കർത്താവിന്റെ മനുഷ്യാവതാര പദ്ധതിയിൽ തന്റെ മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകനെ കുറിച്ച് കർത്താവിന്റെ സാക്ഷ്യങ്ങളും, തുടർന്ന് യോഹന്നാന്റെ സ്നാനം ഏറ്റവരും ദൈവത്തെ നീതീകരിച്ചവരെയും, വ്യഥാവാക്കികളഞ്ഞ പരീശന്മാരേയും ന്യായശാസ്ത്രിമാരേയും കുറിച്ചുള്ള ക്രിസ്തുവിന്റെ താരതമ്യവും വിലയിരുത്തലും ആണ് വേദഭാഗ ഇതിവൃത്തം.

"ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയയ്ക്കുന്നു. അവൻ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും." മലാഖി 3:1.

യോഹന്നാനെ കുറിച്ചുള്ള പ്രവചനം. ക്രിസ്തു ജനങ്ങളെ ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുന്നു. അതിനു കാരണം ക്രിസ്തുവിന്റെ ചില ചോദ്യങ്ങൾ (വി. ലൂക്കോസ് 7:24–26). അതിന് ഉത്തരമായി ജനത്തിന്റെ മൗനം. പിന്നെ ക്രിസ്തു യോഹന്നാനെ കുറിച്ച് സ്വയം ഓർമ്മപ്പെടുത്താതെ തരമുണ്ടോ? ഇത് പുത്തൻ തലമുറകൾക്ക് കൂടി ഉള്ള ഓർമ്മപ്പെടുത്തൽ ആണ്. പരിശുദ്ധ സഭയിൽ വലിയ ഒരു സ്ഥാനം യോഹന്നാൻ സ്നാപകനു നൽകുന്നു. വി. കുർബാന പരസ്യമായി ആരംഭിക്കുന്നത്, ഒന്നാമത് ദൈവമാതാവിന്റെയും രണ്ടാമത് യോഹന്നാൻ സ്നാപകന്റെയും മദ്ധ്യസ്ഥത അണച്ചുകൊണ്ടാണ്.

യോഹന്നാൻ സ്നാപകനെകുറിച്ച് ഒരു തിരിഞ്ഞുനോട്ടം.

1. കർത്താവിന്റെ രക്ഷാകര പദ്ധതിയിൽ ഒരു പ്രധാനമായ പങ്ക് വഹിച്ച വ്യക്തി. (മുന്നോടിയായവൻ).

2. സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ വലിയവൻ

3. ഉദരത്തിൽ വച്ച് പരിശുദ്ധാത്മാവിനെ പ്രാപിച്ചവൻ

4. മാതാവായ എലിസബത്തിനെ പ്രവാചകിയാക്കിയ വ്യക്തി.

5. ഗർഭാവസ്ഥയിൽ ദൈവസാന്നിദ്ധ്യത്തെ തിരിച്ചറിഞ്ഞ വ്യക്തി.

6. തന്റെ ജനനംമൂലം പിതാവിന്റെ വായി തുറന്നവൻ

7. സ്രഷ്ടാവിന്റെ ശിരസ്സിൽ തന്റെ കരങ്ങളാൽ സ്പർശിക്കുവാൻ ഭാഗ്യം ലഭിച്ചവൻ.

8. അനീതിക്കെതിരെ ശബ്ദമുയർത്തി സഹദാ മരണം പ്രാപിച്ചവൻ

9. ഭയമില്ലാതെ പ്രസംഗിച്ചവൻ

വേദഭാഗ ചിന്തകൾ

1. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ വലിയവൻ

യോഹന്നാൻ സ്നാപകൻ – ക്രിസ്തു സാക്ഷ്യം.

വി. ലൂക്കോസ് 7:28

ക്രിസ്തു നൽകുന്ന വലിയ ഒരു സന്ദേശമാണ് യോഹന്നാനെ കുറിച്ചുള്ള സാക്ഷ്യം.

"സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ഇല്ല."

ഈ ക്രിസ്തു സാക്ഷ്യം വെറുതെ ഉള്ളതല്ല. ചില കാരണങ്ങൾ ഉണ്ട്.

1. തന്റെ മുന്നോടി എന്ന പ്രത്യേക പദവി

2. പ്രവാചകന്മാർ യേശുവിന്റെ വരവിനെ പ്രവചിച്ച് അറിയിച്ചു. യോഹന്നാൻ അവനെ ചൂണ്ടിക്കാണിച്ചു. അവന് മാമോദീസയും നൽകി.

3. മറ്റൊരാളെയും കുറിച്ചില്ലാത്ത പ്രവചനം യോഹന്നാനെ കുറിച്ചുണ്ടായി. മലാഖി 3;1

4. ഗർഭസ്ഥനായിരിക്കുമ്പോൾ തന്നെ പരിശുദ്ധാത്മാവിനെ പ്രാപിച്ചു.

5. മനുഷ്യാവതാരം ചെയ്യുന്ന ദൈവപുത്രനെ സ്നാനപ്പെടുത്താനുള്ള മഹാ വലിയ സ്ഥാനം ലഭിച്ചവൻ.

വലിയവനായ യോഹന്നാൻ ന്യായപ്രമാണത്തിൻ കീഴിലുള്ള പഴയ കാര്യങ്ങളുടെ ക്രമമനുസരിച്ചുള്ളവനായിരുന്നു. യേശുതമ്പുരാൻ പുതിയ ക്രമമനുസരിച്ചുള്ള കാര്യങ്ങൾ കൊണ്ടുവന്നു. ദൈവത്തിന്റെ ആത്മീയ രാജ്യം. ഈ രാജ്യത്തിലെ ഏറ്റവും ചെറിയ വ്യക്തി സ്ഥാനത്തിലും വിശേഷാവകാശങ്ങളിലും യോഹന്നാനെക്കാൾ വലിയവനാണ്. എന്നാൽ സ്വഭാവത്തിലേ പ്രവൃത്തിയിലേ വലിയവനല്ല.

"ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു." വി.ലൂക്കോസ് 7:28

യോഹന്നാൻ സ്നാപകൻ തന്റെ രണ്ട് ശിഷ്യന്മാരെ യേശുവിന്റെ അടുക്കൽ അയയ്ക്കുന്നു. രണ്ട് ചോദ്യങ്ങളുമായി.

1. വരുവാനുള്ളവൻ നീയോ?

2. മറ്റൊരുത്തനെ കാത്തിരിക്കണമോ? വി. ലൂക്കോസ് 7:18–20

ചോദ്യത്തിന്റെ കാരണം യോഹന്നാൻ കൈസറിയായിലെ ഇരുട്ടറ തടവിലായതിനാൽ അവിടെ നിന്നും പുറലോകത്തേക്കുള്ള വിടുതലിനായി ആകാംക്ഷയോടെ കാത്തിരിക്കുന്നവനായ യോഹന്നാന് കാത്തിരിപ്പ് പ്രയാസം ആയതിനാൽ ആകാം. എന്നാൽ അപ്രതീക്ഷിതമായ മറുപടി ക്രിസ്തു യോഹന്നാന്റെ ശിഷ്യന്മാർക്കു നൽകി പറഞ്ഞയയ്ക്കുന്നു.

ഇവിടെ ചാഞ്ഞും ചരിഞ്ഞും ഉലയുന്ന യോഹന്നാന്റെ വിശ്വാസത്തെ ഉപമിച്ചിരിക്കുന്നത്. യോർദ്ദാന്റെ നദിയുടെ കരകളിൽ കാണുന്ന ഞാങ്ങണ ചെടിയോടാണ്. ചെറിയ കാറ്റ് എപ്പോഴും വീശിക്കൊണ്ടിരിക്കുന്ന സ്ഥലത്ത് കാറ്റിനോടനുരൂപപ്പെട്ടുകൊണ്ടിരുന്ന ഞാങ്ങണക്ക് തുല്യമാണ് യോഹന്നാന്റെ വിശ്വാസം. കാറ്റിനാൽ അടിസ്ഥാനം. ഇത് യോഹന്നാനിൽ കണ്ടെത്താത്തതുകൊണ്ട്, യോഹന്നാൻ ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവനെന്ന് യേശു പറയുന്നു. എന്നാൽ ദൈവത്തിന്റെ വരവ് അറിയിച്ചു കൊണ്ടുള്ള സുവിശേഷത്തിന്റെ വരവ് ലോകത്തെ അറിയിച്ചതിനാൽ യോഹന്നാൻ ദൈവരാജ്യത്തിൽ ഏറ്റവും വലിയവനാണ്.

ഒരു യഥാർത്ഥ സഭാംഗത്തിന് യോഹന്നാനെക്കാൾ ചില പ്രത്യേകതകൾ ഉണ്ട്.

1. അവൻ ക്രിസ്തുവിന്റെ ഭവനക്കാരനായി വീണ്ടും ജനിച്ചവനാണ്.

2. ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ അനുഭവിച്ചവനാണ്.

3. പെന്തിക്കോസ്തിയിൽ ചൊരിയപ്പെട്ട പരിശുദ്ധാത്മാവിനെ പുതുക്കുന്നവനാണ്.

ഇതിൽനിന്നും യോഹന്നാൻ നിസ്സാരനോ; വിശുദ്ധിയിൽ കുറഞ്ഞവനോ എന്നല്ല വിവക്ഷ. പ്രത്യുത പഴയനിയമ സഭയിലേയും, പുതിയനിയമ സഭയിലേയും അംഗങ്ങൾ തമ്മിലുള്ള അന്തരം സൂചിപ്പിക്കുന്നുവെന്നേയുള്ളു.

2. സാധാരണ ജനം ജീവിതാനുഭവങ്ങളിൽ ദൈവത്തേ മഹത്വീകരിച്ചു.സ്വന്ത നീതിയെ ദൈവനീതിയേക്കാൾ എണ്ണിയവർ. ദൈവാലോചനയെ വ്യഥാവാക്കി.

വി. ലൂക്കോസ് 7:29–35

ദൈവരാജ്യത്തെക്കുറിച്ചുള്ള യോഹന്നാന്റെ പ്രസംഗം കേട്ട് വിശ്വസിച്ച സാധാരണ ജനങ്ങളും ചുങ്കക്കാരും ദൈവത്തെ മഹത്വീകരിച്ചു.

“ഹൃദയം ഒരുക്കിയിരിക്കുന്നവർക്ക് മാത്രമേ ആദ്ധ്യാത്മീക സത്യം മനസ്സിലാക്കുവാൻ സാധിക്കൂ.”

ഈ ലോകജീവിതത്തിൽ നമ്മിൽ സംഭവിക്കുന്ന എന്തിനെയും ദൈവീക പദ്ധതിയുടെ ഭാഗമായി കാണുവാൻ ഇടയാകണം. ക്രിസ്തു മൊഴികൾക്ക് അനുസൃതമായി ജീവിതത്തെ മുന്നോട്ട് നയിക്കുമ്പോൾ ഉണ്ടാകുന്ന എല്ലാ അനുഭവത്തിനും ദൈവത്തെ നീതീകരിക്കാനായിട്ട് കഴിയണം. അത് ചിലപ്പോൾ സന്തോഷമാകാം കയ്പിന്റെ അനുഭവങ്ങളാകാം.

ദൈവമറിയാതെ തന്റെ ജീവിതത്തിൽ ഒന്നും സംഭവിക്കുകയില്ല എന്ന ബോധ്യം നമ്മേ നയിക്കണം.

“സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു” റോമർ 8:28

ഒരു മനുഷ്യന്റെ ജീവിതാനുഭവങ്ങൾ അവനെ മാറ്റത്തിലേയ്ക്ക് നയിക്കുന്നു. ദൈവത്തിലേയ്ക്ക് അടുപ്പിക്കുന്നു. ദൈവത്തെകുറിച്ചുള്ള ബോധ്യങ്ങൾ മനുഷ്യനെ താഴ്മയുള്ളവനാക്കണം. എന്നാൽ പലപ്പോഴും പരീശന്മാരേപോലെ ആയിതീരുന്ന അവസ്ഥകളാണ് കാണുന്നത്. ദൈവത്തിന്റെ നന്മകളെ തിരിച്ചറിയുന്നവൻ ഇപ്രകാരം പറയും

“യഹോവ തന്നു യഹോവ എടുത്തു യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.” ഇയ്യോബ് 1:21

ഇവിടെ രണ്ട് ചോദ്യങ്ങൾമനുഷ്യജീവിതത്തെ വല്ലാതെ അലട്ടുന്നതാണ്.

1. നാം സാധാരണ ജനത്തെപോലെയും ചുങ്കക്കാരെയും പോലെ ദൈവത്തെ തിരിച്ചറിഞ്ഞ് വിശ്വസിക്കുന്നവരാണോ?

2. പരീശന്മാരെപോലെയും, ശാസ്ത്രിമാരെപോലെയും സ്വന്തം നീതിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു ദൈവനീതിയെ ഉപേക്ഷിക്കുന്ന കപടഭക്തരോ?

നാം തന്നെ നമ്മുടെ ഉള്ളിലേയ്ക്ക് ഒന്ന് ആവർത്തിച്ച് ചോദിക്കണം. പലപ്പോഴും നാം ആയിത്തീരുന്ന കപടഭക്തരെ പോലെയാണ്. ചിലതിനെ അംഗീകരിക്കാത്തവർ. നന്മയെ കാണാതെ തിന്മ മാത്രം കാണുന്നവർ.

“വൈരൂപ്യം സൗന്ദര്യമായും സൗന്ദര്യം വൈരൂപ്യമായും മനുഷ്യന്റെ

ക്രിസ്തുമൂലം ജനത്തിന് ഒരു പുതിയ ജീവൻ, ഒരു പുതിയ നന്മ, ഒരു പുതിയ ശക്തി, ദൈവത്തോടുള്ള പുതിയ സഖിത്വം ഉണ്ടായിക്കഴിഞ്ഞു എന്നുള്ളത് ഉള്ളതുപോലെ കാണുന്നതും അറിയുന്നതും പ്രയോഗിക്കുന്നതുമാണ് വിജ്ഞാനം. ആ വിജ്ഞാനം നേടി സർവ്വജ്ഞാനമായ ക്രിസ്തുവിലേക്ക് നടക്കാം.

മുന്നിൽ പ്രത്യക്ഷപ്പെടുന്ന കാലം”

ക്രിസ്തു ഓർമ്മപ്പെടുത്തുന്നത് കപടഭക്തരാകാതെ മാനസാന്തരപ്പെട്ട് ന്യായവിധിയെക്കുറിച്ച് ഭയമുള്ളവരാകാനാണ്. അല്ലാത്തപക്ഷം ക്രിസ്തു ആവർത്തിക്കും.

“ഈ തലമുറയിലെ മനുഷ്യനെ ഏതിനോട് ഉപമിക്കേണ്ടു? അവർ ഏതിനോടു തുല്യം.” എന്ന്.

വിവാഹം, ശവസംസ്കാരം എന്നിവയുടെ അനുകരണം കളികളിലൂടെ നടത്തുന്ന തന്നിഷ്ടക്കാരായ കുട്ടികളെ പോലെയായിരുന്നു അക്കാലത്തെ ജനങ്ങൾ. ആ തലമുറയെ കർത്താവ് തെരുവിൽ കൂടിയിരിക്കുന്ന തൊഴിലില്ലാത്ത ബാലകരോടു സാമ്യപ്പെടുത്തുന്നു. കുഴലൂത്ത് ശരിയായില്ല എന്നു പറഞ്ഞു നൃത്തം ചെയ്യാത്ത മറ്റേ കൂട്ടർ. ഒരു കൂട്ടർ വിലാപസംഗീതം പാടിയപ്പോൾ അതു ശരിയായില്ലെന്നു പറഞ്ഞ് മറ്റേ കൂട്ടർ മാറത്തടിച്ച് കരഞ്ഞില്ല. ഒന്നിനും സഹകരണമില്ലാതെ എല്ലാറ്റിനും കുറ്റം കാണുന്നവർ. പരീശന്മാർ മതകാര്യങ്ങളിൽ വളരെ കർക്കശക്കാരായതിനാൽ അവർക്കു പ്രതികരിക്കുന്നതിനു കഴിയാതെ വരുന്നു. മാത്രമല്ല, ചുറ്റുമുള്ള ലോകകാര്യങ്ങളിൽ ഇടപെടുന്നുമില്ല.

“യോഹന്നാൻ ഭക്ഷിക്കാതെയും കുടിക്കാതെയും വന്നു.” അവർ ഭ്രാന്തൻ എന്ന് മുദ്ര കുത്തി. യേശു സാധാരണ മനുഷ്യനെപ്പോലെ ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കുകയും മനുഷ്യരോടൊത്ത് സഹവാസം ചെയ്യുകയും ചെയ്തു. “ഇവനൊരു സാധാരണക്കാരൻ, പാപികളോടുകൂടെ കഴിയുന്നവൻ എന്നായി. സത്യത്തെ അംഗീകരിക്കുവാൻ മനസ്സില്ലാത്ത പരീശവർഗ്ഗം. നമുക്കോ ഉണ്ടാകേണ്ടത് ദൈവത്തിലുള്ള ജ്ഞാനമാണ്.

ക്രിസ്തുമൂലം ജനത്തിന് ഒരു പുതിയ ജീവൻ, ഒരു പുതിയ നന്മ, ഒരു പുതിയ ശക്തി, ദൈവത്തോടുള്ള പുതിയ സഖിത്വം ഉണ്ടായിക്കഴിഞ്ഞു എന്നുള്ളത് ഉള്ളതുപോലെ കാണുന്നതും അറിയുന്നതും പ്രയോഗിക്കുന്നതുമാണ് വിജ്ഞാനം. ആ വിജ്ഞാനം നേടി സർവ്വജ്ഞാനമായ ക്രിസ്തുവിലേക്ക് നടക്കാം.



മണർകാട് സെന്റ് മേരീസ് കോളജ് : നിയമനം നടത്താൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ അപ്പീൽ ഹൈക്കോടതി തള്ളി

മലങ്കര സഭയുടെ മണർകാട് സെന്റ് മേരിസ് പള്ളിയുടെ കീഴിലുള്ള മണർകാട് കോളജിൽ നിയമപരമായ ഒരു ഗവേണിംഗ് ബോഡി നിലവിലില്ലാത്തിനാലും മണർകാട് പള്ളിയുടെ ഭരണ നിർവഹണം 1934 ലെ മലങ്കര സഭാ ഭരണഘടന പ്രകാരം നടത്തണമെന്ന് കോടതി ഉത്തരവ് നിലനിൽക്കുന്നതിനാലും കോളജിൽ നിയമനങ്ങൾ നടത്തുന്നത് തടഞ്ഞുകൊണ്ട് കോളജ് വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഇതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജി സിംഗിൾ ബെഞ്ച് നേരത്തെ തള്ളിയിരുന്നു. ഇത് ചോദ്യം ചെയ്ത് സമർപ്പിച്ച അപ്പിലും ഹൈക്കോടതി തള്ളി.മാനേജർ എന്ന് അവകാശപ്പെട്ട് സമർപ്പിച്ച അപ്പിലാണ് ഡിവിഷൻ ബെഞ്ച് തള്ളിയത്. മണർകാട് പള്ളിയുടെയും കോളജിന്റെയും ഭരണനിർവഹണം വ്യവസ്ഥാപിതമായ/നിയമപരമായ മാനേജ്മെന്റ് ഏറ്റെടുത്തതിന് ശേഷം മാത്രമേ നിയമനങ്ങൾ നടത്തുവാൻ സാധിക്കൂ.



അഖില മലങ്കര പ്രാർത്ഥനായോഗം തിരുവനന്തപുരം ഭദ്രാസനതല പരിസ്ഥിതി വാരാഘോഷത്തിന്റെ ഭാഗമായി ഇടമുളക്കൽ വി.എം.ഡി.എം. സെന്ററിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് വൃക്ഷത്തൈ നടുന്നു. പ്രാർത്ഥന യോഗം ഭദ്രാസന സെക്രട്ടറി അനൂപ് അലക്സ് കോശി, തിരുവനന്തപുരം മണ്ഡലം സെക്രട്ടറി അഭിലാഷ് ജേക്കബ് വർഗീസ് എന്നിവരും സന്നിഹിതരായിരുന്നു.

First Sunday after Pentecost

(St. Luke 7:27–35)

Fr Aaron Joshua John



The Sunday after Pentecost marks the beginning of the life of the Church filled with the Holy Spirit. Having received the gift of the Paraclete, the Church now lives as a Spirit-filled community, discerning the voice of God in the world and bearing witness to Christ. The Gospel reading today from Luke 7:27–35 draws us into one of the core tensions of the Christian journey: how the world receives God's messengers, and how true wisdom is perceived not by the wise of this world, but by the humble and the faithful.

In this passage, Jesus speaks of John the Baptist, the forerunner, the prophet of repentance, and contrasts the reactions of the people toward him and toward Himself. Both were rejected by different groups, for different reasons, yet both carried the truth of God. Let us reflect today on two movements: first, the rejection of God's messengers, and second, the vindication of divine wisdom through faithful response.

1. The Rejection of God's Messengers

Jesus says, "John the Baptist came neither eating bread nor drinking wine, and you say, 'He has a demon.' The Son of Man came eating and drinking, and you say, 'Look at Him! A glutton and a drunkard, a friend of tax collectors and sinners!'" (Luke 7:33–34). The Lord here unmasks the contradiction in the hearts of the people. It wasn't about the method or the style, whether ascetic or celebratory, it was about the heart's unwillingness to listen and repent.

This rejection is not new. In the Old Testament, prophets were often disregarded, mocked, or persecuted. Jeremiah was thrown into a cistern, Elijah was hunted, and Amos was told to flee. The message of God, particularly when it calls to repentance, is often unwelcome. As Isaiah said, "Lord, who has believed our report?" (Isaiah 53:1). St. John the Baptist is the last of these prophets. Clothed in camel's hair, living in the wilderness, he was a living icon of repentance. Yet people found excuses to dismiss him. And when Christ came, gentle and welcoming, healing and feasting, they dismissed Him too. The issue was not the message or the messenger, but the hardness of heart. St. Cyril of Alexandria explains: "The people of Israel found fault with both the way of self-denial and the way of mercy — rejecting both the trumpet of repentance and the embrace of salvation." In other words, they rejected both the preparation and the fulfillment.

This is a warning to us, if our hearts are not humble, we will always find a reason to dismiss the voice of God, whether it comes in thunder or in a whisper.

2. Wisdom Is Justified by Her Children

Jesus ends with a mysterious but profound statement: "Wisdom is justified by all her children." (Luke 7:35). What does this mean? It means that divine wisdom, God's way of acting, God's manner of salvation — is ultimately proven true by its fruit. Those who receive God's Word, whether through the harsh cry of John or the compassionate voice of Jesus, become living testimonies to its truth.

In the Old Testament, Wisdom is personified as a woman who calls out in the streets (Proverbs 1:20–33). She is not hidden, but cries out to all who



will listen. The same happens now in Christ, the very Wisdom of God (1 Corinthians 1:24), who took flesh and dwelt among us.

The children of wisdom are those who respond in faith: the humble, the repentant, the poor in spirit. The apostles, the saints, and all who walk in the Spirit are her vindication. Their lives, transformed by grace, become proof that the Gospel is true. St. Gregory the Theologian says: "God's wisdom is not proven by argument but by lives changed, sins forgiven, and death overcome." The Eucharistic life of the Church, where we become one with Christ — is the ultimate vindication of divine wisdom. Here, around the altar, the children of wisdom gather, not the wise of this world, but those who know their need for God.

Beloved in Christ, the first Sunday after Pentecost challenges us to ask: are we listening? Are we receptive to the voice of God, whether it comes in the wilderness or in the feast, in the fasting prophet or the welcoming Christ? Or are we like the generation Jesus described — fickle, critical, never satisfied?

The Holy Spirit has come. The Church is alive. The Word is still being spoken. Let us pray for the grace to become true children of wisdom, not merely hearing the word, but doing it. Let us respond with repentance, humility, and faith, so that our lives may bear witness to the wisdom of God made flesh in Jesus Christ. "He who has ears to hear, let him hear." ❑

മറുപുറം

ഖബറിനു പുറത്തെ അത്താഴം...

ഫാ. അജീഷ് ബാബു

പരിമള തൈലത്തിന്റെ ഓർമ്മകൾ ഗുരുവിനെ ആ ഗ്രാമത്തിലേക്ക് വീണ്ടും കൂട്ടിക്കൊണ്ടുപോയി. കൂടെയുള്ള ശിഷ്യന്മാർ ആശങ്കയോടെയാണ്, ഗുരുവിനൊപ്പം ആ യാത്രയിൽ പങ്കുകാരാകുന്നത് എന്നാൽ ഒരാൾ മാത്രം പറഞ്ഞു 'അവനോടുകൂടെ മരിക്കേണ്ടതിന് നമുക്കും പോകാം'. മരണത്തെ ഭയമില്ലാതെ നടത്തുന്ന ഈ യാത്ര വളരെ വൈകാരികമാണ്. ഗുരുവിനെ എതിരേൽക്കാൻ മറിയയും അവളുടെ സഹോദരിയും കൂടെയുള്ളവരും വന്നത് അതിസങ്കടത്തോടെയാണ് അവരുടെ ദുഃഖത്തിനു മുന്നിൽ ക്രിസ്തുവിന്റെ ഉള്ളം നൊന്തു കലങ്ങി. തന്റെ ശിഷ്യന്മാർ ഇന്നുവരെ കണ്ടിട്ടില്ലാത്ത, തങ്ങളുടെ ഗുരുവിന്റെ കണ്ണുനീർ ആ കല്ലറയുടെ മുന്നിൽ കണ്ടു.

ഖബറിനു മുന്നിൽ അവർ കൂടി നിൽക്കുമ്പോൾ മറിയയുടെ സഹോദരി പറഞ്ഞു 'അവൻ മരിച്ചിട്ട് നാലുദിവസമായി', അടുക്കാൻ കഴിയാതെ ദുർഗന്ധം. കരച്ചിലുകളും അതിവൈകാരികതകളും പ്രകടമാക്കുന്നതിനിടയിൽ മരിച്ചുകഴിഞ്ഞ ദിവസവും (നാലു ദിവസം മുൻപ്) മനുഷ്യ ശരീരത്തിലെ ദുർഗന്ധവും ജീവന്റെ സാധ്യതകൾ തീരെയില്ല എന്ന് അടയാളപ്പെടുത്താൻ സഹോദരി ശ്രമിക്കുന്നു. ബന്ധങ്ങളിലെല്ലാം അറിഞ്ഞോ അറിയാതെയോ ഇത്തരത്തിലുള്ള ചില സാധ്യതകളിലെ കുറവ് ചൂണ്ടിക്കാണിക്കുന്നവരുണ്ട്.

ദൈവത്തിന് പ്രവർത്തിക്കുവാൻ സമയമുള്ളപ്പോൾ വിധി വാചകങ്ങൾ പറയുന്നവർ നമുക്ക് പുറത്തുള്ളവരല്ല കൂടെയുള്ളവർ തന്നെയാണ്.

ഗുരു ആ യാത്രയ്ക്ക് മുന്നേ തന്റെ ശിഷ്യന്മാരോട് പറഞ്ഞത് അയാൾ കല്ലറയിൽ ഉറങ്ങുകയാണ്. എന്നാൽ അവൾ പറയുന്നത് നാലു ദിവസത്തിന് മുന്നേ സഹോദരൻ ലാസർ മരിച്ചു എന്നാണ്. ജീവനില്ലാത്ത ശരീരം അതിൽ തന്നെ അഴുകിത്തുടങ്ങി.

കല്ലറയിൽ ഉറങ്ങിയിരിക്കുന്ന ലാസറിനെ കാണാനാണ് ഗുരുസംഘം എത്തുന്നതെങ്കിൽ വിലാപ സങ്കീർത്തനം പാടിയ ആശ്വാസം നേടാനാണ് അവർ എത്തുന്നത്. മതജീവിതത്തിൽ ഇത്തരത്തിലുള്ള പൊരുത്തക്കേടുകൾ ചിലപ്പോഴൊക്കെ നമുക്ക് കാണാൻ കഴിയും.

ആ കല്ലറയുടെ മുന്നിൽനിന്ന് ഗുരു ഉറക്കവിളിച്ചു 'ലാസറെ പുറത്തു വരിക' ഇതുവരെ ഭൂമി കേട്ടിട്ടില്ലാത്ത, മനുഷ്യർ അറിഞ്ഞിട്ടില്ലാത്ത ദൈവത്തിന്റെ ശബ്ദം. പാഴും ശൂന്യവുമായ ഭൂമിയിൽ ദൈവം സൃഷ്ടിച്ച് പേരിട്ടു ഉറക്കെ വിളിച്ചതുപോലെ ആ കല്ലറയുടെ മുന്നിൽ ഉറക്കവിളിച്ചു. സൃഷ്ടാവ് സൃഷ്ടിയെ വിളിക്കുന്നു... ഉറക്കത്തിൽ നിന്നും ഉണരാൻ ഒരു വിളി...

അവൾ പറഞ്ഞ അഴുകിയ ശരീരം പുറത്തുവരുന്നു.

രക്തബന്ധങ്ങളിലെ സഹോദരിയുടെ വിധി വാചകം കാലംകേട്ട സഹോദരബന്ധങ്ങളിലെ നിരാശയുടെ വാക്കുകൾ തന്നെയാണ്.

കല്ലറയ്ക്ക് പുറത്ത് അയാളുടെ വരവ് അയാൾക്കും അവർക്കും ഒരു പുതിയ ലോകമാണ്. അതാണ് ദൈവത്തിന്റെ ലോകം. ഗുരുവിന്റെ കണ്ണുനീർ ഭൂമിയിൽ. കണ്ണീരിൽ കുതിർന്ന ആ മണ്ണ് ജീവന്റെ സംഗീതം പാടുന്നു.

അവൻ ഉറക്കം ആയിരുന്നു, അഴുകിയിട്ടില്ല...

അവർ ഉറക്കെ പറഞ്ഞു തുടങ്ങി.

മറുപുറം

അവനോടുകൂടെ ഭക്ഷണത്തിനിരുന്ന ഒരാൾ ലാസറായിരുന്നു. ഉറങ്ങുന്നതിനു മുമ്പ് ഭവനത്തിലുള്ള എല്ലാവരും കൂടി അന്ന് ഉണ്ടാക്കിയ ഭക്ഷണം, അനുഭവങ്ങൾ പരസ്പരം പങ്കിട്ട് ചേർന്നിരുന്നു കഴിക്കുന്നതാണ് അത്താഴം.



ഉറക്കത്തിന് മുമ്പ് ബന്ധങ്ങളിൽ നിന്ന് പങ്കിടലിന്റെ സ്നേഹ സ്പർശനമാണത്. ആഴത്തിലുള്ള ഉറക്കം എല്ലാ ബന്ധങ്ങളെയും മറന്നുപോകും. അതിനു മുമ്പ് ഒരിത്തിരി നേരം, ഒത്തിരി ഓർമ്മകൾ ഉള്ള ഇത്തിരിനേരം.

ഗുരു അവർക്കൊപ്പം. അവർ അവനുവേണ്ടി അത്താഴം ഒരുക്കി. മറിയയും അവളുടെ സഹോദരി മാർത്തയും തങ്ങളുടെ ഭവനത്തിൽ രണ്ടുതരം അത്താഴമാണ് ഒരുക്കുന്നത്.

മാർത്ത വിഭവങ്ങളുടെ മേശ ഒരുക്കുന്നതിനു വേണ്ടിയുള്ള അതീവ ശ്രമത്തിലാണ്. ഉറക്കത്തിനു മുമ്പുള്ള ഭക്ഷണ രുചിക്കുവേണ്ടി അവൾ സ്വയം മറക്കുകയാണ്.

അത്താഴം 'ഡെയ്പ്നോൻ' എന്ന ഗ്രീക്കുപദം ഇവിടെയും യേശുവിന്റെ അന്ത്യ അത്താഴത്തെക്കുറിച്ചു പറയുന്നിടത്തും മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത് (യോഹന്നാൻ 13,2.4; 21, 20). യഹൂദരുമായുള്ള ഭിന്നതയെത്തുടർന്ന് യേശു താൻ സ്നേഹിക്കുന്നവരുടെകൂടെ കൂടുന്നു. ഇനിമുതൽ യേശു അവരോടു മാത്രം സംഭാഷണത്തിലേർപ്പെടുന്നു എന്നത് ശ്രദ്ധേയമാണ്.

മറിയം കുറേനേരം മൗനത്തിൽ ആയിരുന്നു എന്നിട്ട് അവൾ ഓടി ഭവനത്തിലെ ഉൾമുറിയിലേക്ക് തിരികെ വരുന്നത് ഒരു കുപ്പി നാർദിൻ തൈലവുമായിട്ടാണ്.

സൗഹൃദങ്ങളുടെ ജീവനുള്ള അത്താഴം, അതിനുവേണ്ടിയുള്ള അതീവ പരിശ്രമമാണ് അവൾ നടത്തുന്നത്. അത് കുറെ കൂടി ധ്യാനാത്മകമാണ്. അവൾ ഒരു കുപ്പി നാർദിൻ സുഗന്ധ തൈലമെടുത്ത് യേശുവിന്റെ പാദങ്ങളിൽ പൂശുകയും തലമുടികൊണ്ട് അവന്റെ പാദങ്ങൾ തുടയ്ക്കുകയും ചെയ്തു. തൈലത്തിന്റെ പരിമളംകൊണ്ടു വീടു നിറഞ്ഞു. മറിയം, നിന്റെ അത്താഴത്തിന് ഒരു പരിമളമുണ്ട്. ദൈവത്തിനു വിളമ്പുന്ന അവളുടെ അത്താഴത്തെ പ്രതി അയാൾ മാത്രമാണ് ദേഷ്യപ്പെടുന്നത്, സ്നേഹംകൊണ്ട് ഗുരുവിന്റെ ശരീരം പങ്കിട്ട യൂദ മാത്രം. അത്താഴത്തിൽ ലാസർ ഉണ്ടായിരുന്നു. തങ്ങളുടെ സഹോദരൻ ലാസർ കല്ലറയ്ക്ക് പുറത്ത് വന്ന ശേഷം തന്റെ സഹോദരിമാർ ഇങ്ങനെയൊരു കൂടിവരവിന് പലപ്പോഴും മനസ്സുകൊണ്ട് ആഗ്രഹിച്ചതാണ്. ഗുരുവിന് ആ ദേശത്ത് പ്രവേശിക്കാൻ തടസ്സങ്ങൾ ഏറെ ആയിരുന്നു .

ശിഷ്യന്മാർക്ക് ഒപ്പമാണ് ലാസർ അത്താഴത്തിന് ഇരിക്കുന്നത്. ഒരർത്ഥത്തിൽ ലാസറും ശിഷ്യനായി മാറിക്കഴിഞ്ഞു. കല്ലറയ്ക്ക് പുറത്തുനിന്നും ലാസർ കേട്ട ഒരു ശബ്ദം യേശുവിന്റെ, അതുമാത്രമായിരുന്നു. 'ലാസറെ പുറത്തു വരിക'. അത്താഴ മേശയിൽ ലാസർ കേട്ടതും ' ലാസറെ ചേർന്നിരിക്കുക '. ഉറക്കത്തിന് മുമ്പ് ജീവനുള്ള സൗഹൃദം, അതാണ് അത്താഴം. ഉറക്കത്തിനു ശേഷവും ജീവൻ പങ്കിടുന്നത് അത്താഴം തന്നെയാണ്. അവ

നോടുകൂടെ ഭക്ഷണത്തിലിരുന്ന് ഒരാൾ ലാസറായിരുന്നു (യോഹന്നാൻ 12:2).

ഖബറിനുപുറത്തെ അത്താഴം അത് ദൈവത്തിന്റെ അത്താഴമാണ്...

കാലം

വെട്ടിപ്പിടിച്ചും മത്സരിച്ചും 'ഞാൻ', 'എനിക്ക്', 'എന്നെ' ഭൂമിയിൽ അടയാളപ്പെടുത്തണം എന്ന് മാത്രം ആഗ്രഹിച്ചു ജീവിക്കുന്ന മനുഷ്യർക്ക് നേരെയുള്ള മനോഹരമായ ചോദ്യമാണ് എം. ടി യുടെ 'കാലം '. അവസാനം മണ്ണിൽ ലയിക്കുന്ന മനുഷ്യന് ' കാലം' എന്താണ് ബാക്കി വെയ്ക്കുന്നത്?

ജീവിതം കൈവിട്ടു പോകാതിരിക്കാൻ പല രീതികളും തേടുന്നവരുണ്ട്, നിശബ്ദം അവരെ തിരിച്ചറിയാൻ ആർക്കും കഴിയില്ല. സുമിത്ര ജീവിതത്തിൽ നേരിടുന്നതെല്ലാം ആചാരലംഘനം കൊണ്ടാണെന്ന് തോന്നിപ്പിക്കുന്നുവെങ്കിലും അവളുടെ മനസ്സ് അറിയുന്നത് ഒരാൾക്ക് മാത്രമാണ്. അവൾ ആഗ്രഹിച്ചത് അവളിലേക്ക് എത്തുമ്പോഴേക്കും അവൾ എന്നും കാത്തിരുന്ന ആ സ്നേഹമാകുന്ന പ്രകാശത്തിന്റെ അവസാനനാളവും അവളിൽ നിന്നും 'കാലം 'ഊതി കെടുത്തികളഞ്ഞിരുന്നില്ലേ?

അവൾ ആഗ്രഹിച്ചത് കേൾക്കാൻ എത്ര 'കാലം ' വേണ്ടിവന്നു!

എന്നിട്ടോ?

കേൾക്കേണ്ടത്,പറയേണ്ടത് അതാത് 'കാല 'ത്ത് പറയാതിരിക്കുന്ന മനുഷ്യർ!

ഒടുവിൽ 'ഇഷ്ടമായിരുന്നു'എന്ന് തുറന്നു പറയുമ്പോൾ അതിന്റെ അർത്ഥം പോലും തിരിച്ചറിയാനാകാത്ത മാനസികാവസ്ഥയിൽ സുമിത്രയെ 'കാലം 'കൊണ്ടെത്തിച്ചിരുന്നില്ലേ?

"എനിക്ക് നിന്നെ ഇഷ്ടമായിരുന്നു.'

സുമിത്ര വീണ്ടും വികൃതമായി ചിരിച്ചു.

'ഇഷ്ടം'

അയാൾ തിണ്ണയിലെ ചാണകമടർന്ന പാടുകളിലേക്ക് കണ്ണുകൾ താഴ്ത്തിയപ്പോൾ സുമിത്ര പറയുന്നതു കേട്ടു:

'സേതുന് എന്നും ഒരാളോടെ ഇഷ്ടംണ്ടായിരുന്നുള്ളൂ. സേതൂനോടു മാത്രം' കാലം (എം.ടി.).

❑



പരുമല പള്ളിയിൽ കബറടങ്ങിയിരിക്കുന്ന യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുട ചരമശതാബ്ദിയോടനുബന്ധിച്ച് സഖറിയാ പെരുമ്പടവം തയ്യാറാക്കി, എം.ഒ.സി. പബ്ലിക്കേഷൻ പ്രസിദ്ധീകരിക്കുന്ന കരോട്ടുവീട്ടിൽ യൂയാക്കിം മാർ ഈവാനിയോസ് എന്ന ജീവചരിത്രഗ്രന്ഥം പരുമല സെമിനാരിയിൽ വച്ച് പ്രകാശിപ്പിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയുടെ സാന്നിധ്യത്തിൽ ചെങ്ങന്നൂർ ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ കണ്ടനാട് പള്ളി വികാരി ഐസക് മട്ടുമ്മേൽ കോറെപ്പിസ്കോപ്പായ്ക്ക് നൽകിയാണ് പുസ്തക പ്രകാശനം നിർവ്വഹിച്ചത്.



കണ്ടനാട് ഈസ്റ്റ് ഭദ്രാസനം ശുശ്രൂഷകസംഘം വാർഷിക ധ്യാനം വടകര സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. തോമസ് മാർ അത്താനാസിയോസ് ഉത്ഘാടനം ചെയ്തു. ഫാ മാത്യൂസ് കാഞ്ഞിരംപാറ അധ്യക്ഷത വഹിച്ചു. ഫാ ജോസ് തോമസ്, ഫാ ഏലിയാസ് ജോൺ, ബിജു വി. പന്തപ്ലാവ്, കെ. വൈ. ബിജു എന്നിവർ പ്രസംഗിച്ചു.



കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടന്ന യാത്രയപ്പ് സമ്മേളനത്തിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് സംസാരിക്കുന്നു.

പ്രൊഫ എം. ജി. തോമസ് അന്തരിച്ചു



പത്തനംതിട്ട: പ്രശസ്ത ഗ്രന്ഥകാരനും പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ഫിസിക്സ് വിഭാഗം മേധാവിയുമായിരുന്ന പ്രൊഫ. എം. ജി. തോമസ് (82) അന്തരിച്ചു. പ്രശസ്ത വിവർത്തകനും, ഗ്രന്ഥകാരനും ആയിരുന്നു. പ്രശസ്ത ഇംഗ്ലീഷ് നോവലിസ്റ്റ് അന്തോണി ഹോപ്പിന്റെ വിഖ്യാതമായ 'ദി പ്രിസണർ ഓഫ് സിന്ത എന്ന പുസ്തകം വിവർത്തനം ചെയ്തു. കൂടാതെ ആപേക്ഷികതാ സിദ്ധാന്തത്തിനു ഒരാമുഖം, യൂണിഫൈഡ് ഫീൽഡ് സിദ്ധാന്തങ്ങൾ, സ്മാരക ശില്പങ്ങൾ (യാത്രാവിവരണം) എന്നീ പുസ്തകങ്ങളും രചിട്ടുണ്ട്.

ഭാര്യ ആനി ബീന തോമസ് (റിട്ട. സൂപ്രണ്ട്, കെ.എസ്.ഇ.ബി.) തൃശൂർ പഴഞ്ഞി പാറ്റുമുറിയിൽ കുടുംബാംഗം. മക്കൾ: ഡോ ആനി തോമസ് (പ്രൊഫസർ, അന്നൂർ ഡെന്റൽ കോളജ് , മൂവാറ്റുപുഴ), ഡോ. ജോബ് തോമസ് (പ്രൊഫസർ, CUSAT, കൊച്ചി), ലൗലി തോമസ് (മസ്കറ്റ്), അനു തോമസ് (കുവൈറ്റ്). മരുമക്കൾ: ഡോ. ഫിലിപ്പ് ഉമ്മൻ (തലയോലപ്പറമ്പ്), ഡോ. ബിൻസു സി. കോവൂർ (പ്രൊഫസർ, CUSAT, കൊച്ചി), പ്രദീപ് മാത്യു (എഞ്ചിനീയർ, മസ്കറ്റ്), ജിജോ പി. സാം (എഞ്ചിനീയർ, കുവൈറ്റ്). സംസ്കാരം മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടത്തി.



കുണ്ടറ മാർ ബസേലിയോസ് സെന്ററിൽ നടന്ന ബസീലിയൻ പ്രതിഭാ സംഗമം 2025.



ഡോ. അനു ജോസഫ് എറണാകുളം സെന്റ് തെരേസ കോളജിന്റെ പ്രിൻസിപ്പലായി ചുമതലയേറ്റു. പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്. ഭർത്താവ്: ഐസക്ക് കുര്യൻ.



പരുമല സെമിനാരിയിൽ നടന്ന പെന്തിക്കോസ്തി പെരുന്നാൾ ശുശ്രൂഷയ്ക്ക് കൽക്കട്ടാ ഭദ്രാസനാധിപൻ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത പ്രധാന കാർമികത്വം വഹിച്ചു.



കുന്നംകുളം ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂളിൽ 2024–25 എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർഥികളുടെ കോൺവൊക്കേഷനും പത്താം ക്ലാസ്സിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളുടെ അനുമോദനചടങ്ങും പ്ലസ് വൺ വിദ്യാർത്ഥികളുടെ ഫ്രഷേഴ്സ് ഡേയും ആഘോഷിച്ചു. ഡോ. ഗോഡ്വിൻ സാമ്രാജ് ഉദ്ഘാടനം ചെയ്തു.




മാനസിക നില തകരാറിലായി അലഞ്ഞുതിരിഞ്ഞ ജാർഖണ്ഡ് സ്വദേശിക്ക് ബന്ധുക്കളെ കണ്ടെത്താനായി സഹായഹസ്തവുമായി മാവേലിക്കര പോലീസും അറനൂറ്റിമംഗലം പൗലോസ് മാർ പക്കോമിയോസ് ശാലേം ഭവൻ മാനസികപുനരധിവാസ കേന്ദ്രം പ്രവർത്തകരും. ജോലിക്കായി സ്വദേശത്തുനിന്ന് തിരുപൂരിലേക്ക് പോകവേ മാനസികനിലതെറ്റിയ നികോഡിം ലുഗും എന്ന യുവാവ് മാവേലിക്കരയിൽ എത്തി. അലഞ്ഞ് നടന്ന യുവാവിനെ മാവേലിക്കര പൊലീസ് സ്റ്റേഷനിൽ നിന്ന് ശാലേം ഭവനിൽ പുനരധിവസിപ്പിച്ചു. തുടർന്ന്, പൊലീസ് വകുപ്പിന്റെയും ശാലേം ഭവൻ പ്രവർത്തകരുടെയും സംയുക്ത ഇടപെടലിൽ സഹോദരങ്ങളോടൊപ്പം സുരക്ഷിതമായി സ്വന്തം നാട്ടിലേക്ക് മടക്കി അയച്ചു.



Benelux and France Family Conference Launched in Paris: The First Family Conference for the Benelux and France region was officially launched in Paris, following the Feast of St. Mary's Church Paris. The conference is scheduled for May 23rd and 24th, 2026. The launch of the conference was marked by the release of its poster, unveiled by Geevarghese Mar Coorilos in the presence of Yuhanon Mar Policarpose, Dr. Alexios Mar Eusebius, Dr. Joshua Mar Nicodimos, and Dr. Geevarghese Mar Theophilos. Also in attendance were Fr. Yaunan Mulamoottil Cor Episcopa, Fr. George Abraham (Jijo), and Fr. Aashu Alexander Mattackal.

പുസ്തകം



Finishing Lines

Autobiography of Cartoonist Yesudasan
₹ 399.00
Publisher: The Alcove Publishers
Pages: 300



ലഹരിക്കെതിരെ കോൺക്ലേവുമായി മലങ്കര ഓർത്തഡോക്സ് സഭ

കോട്ടയം: സമൂഹത്തിൽ വർധിച്ച് വരുന്ന ലഹരി - മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ബോധവൽക്കരണവുമായി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ. ഡ്രഗ്സിറ്റ് സമ്മിറ്റ് എന്ന് പേരിൽ സംഘടിപ്പിക്കുന്ന ഉച്ചകോടി 2025 ജൂൺ 14 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ സഭാ ആസ്ഥാനമായ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടക്കും. ഉച്ചയ്ക്ക് 3 മണിക്ക് മഹാരാഷ്ട്ര ഗവർണർ സി. പി. രാധാകൃഷ്ണൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിക്കും. സഭയുടെ മാനവ ശാക്തീകരണ വിഭാഗം പ്രസിഡന്റ് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ സ്വാഗതം ആശംസിക്കും.


ഡോ. ജോസഫ് മാർ ബർണബാസ് മെത്രാപ്പോലീത്താ, മാർ ജേക്കബ് മുരിക്കൻ, ബിഷപ്പ് റവ. ഡോ. മലയിൽ സാബു കോശി ചെറിയാൻ, ശ്രീമദ് സ്വാമി വിശാലാനന്ദ, ഷഫീഖ് മന്നാനി എന്നിവർ ആശംസകൾ നേരും. സഭയുടെ മാനവ ശാക്തീകരണ വിഭാഗം ഡയറക്ടർ ഫാ. പി. എ. ഫിലിപ്പ് നന്ദി രേഖപ്പെടുത്തും.

കോൺക്ലേവിന്റെ ആദ്യ സെഷൻ സംവിധായകൻ ബ്ലെസി ഉദ്ഘാടനം ചെയ്യും. സഭയുടെ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ സ്വാഗതം ആശംസിക്കും. പരിശുദ്ധ കാതോലിക്കാ ബാവാ അധ്യക്ഷത വഹിക്കും. വിഴിഞ്ഞം പോർട്ട് മാനേജിംഗ് ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ ഐ.എ.എസ്. മുഖ്യസന്ദേശം നൽകും. തുടർന്ന് വിഷയാവതരണം നടക്കും. കുട്ടിക്കാനം മരിയൻ കോളജ് മുൻ പ്രിൻസിപ്പൽ ഡോ. റൂബിൾ രാജ്, മദ്യമുക്തി പ്രസ്ഥാനം നേതാവും സമൂഹ്യപ്രവർത്തകനുമായ പ്രൊഫ. സി. മാമച്ചൻ, കോട്ടയം മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ വർഗീസ് പി. പുന്നൂസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. കോട്ടയം വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ മോഡറേറ്ററാകും. സഭയുടെ അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം നന്ദി രേഖപ്പെടുത്തും.

ലഹരിക്കെതിരായ പോരാട്ടം മലങ്കരസഭയുടെ സാമൂഹികവും ആത്മീയവുമായ ഉത്തരവാദിത്വമാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വാർത്താസമ്മേളനത്തിൽ പറഞ്ഞു. എല്ലാ മത-സാമുദായിക-രാഷ്ട്രീയ-സന്നദ്ധ സംഘടനകളും ഈ മഹാവിപത്തിനെ തുടച്ച് നീക്കാൻ രംഗത്തിറങ്ങണം. സഭയുടെ ദേവാലയങ്ങളിലും, വിദ്യാലയങ്ങളിലും വിദ്യാർത്ഥികൾക്കായുള്ള ബോധവൽക്കരണ പരിപാടികൾ തുടരുമെന്നും പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു. ഡ്രഗ്സിറ്റ് ഉച്ചകോടിയുടെ ഭാ?ഗമായി കോട്ടയം നഗരത്തിൽ ലഹരിവിരുദ്ധ സന്ദേശമുയർത്തി ഫ്‌ളാഷ് മൊബുകൾ വരും ദിവസങ്ങളിൽ സംഘടിപ്പിക്കും.

മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന വാർത്താസമ്മേനത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, സഭയുടെ മാനവ ശാക്തീകരണ വിഭാഗം പ്രസിഡന്റ് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, മാധ്യമ വിഭാഗം പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, മാനവ ശാക്തീകരണ വിഭാഗം ഡയറക്ടർ ഫാ. പി. എ. ഫിലിപ്പ് എന്നിവർ പങ്കെടുത്തു.

പുസ്തകം



വട്ടശ്ശേരിൽ തിരുമേനിയുടെ കത്തുകൾ (വാല്യം 3)

എഡിറ്റർ: ജോയ്സ് തോട്ടയ്ക്കാട്

വട്ടിപ്പണക്കേസിൽ 1923-ൽ പരാജയപ്പെട്ടതിനെ തുടർന്ന് സഭാ സമാധാനത്തിനായി 1925-ൽ മർദ്ദീനിലെത്തി നടത്തിയ പരിശ്രമങ്ങളും വിജയിക്കാത്ത സാഹചര്യത്തിൽ വ്യവഹാരങ്ങളിലൂടെ മലങ്കരസഭാ സ്വാതന്ത്ര്യം വീണ്ടെടുക്കുവാൻ മലങ്കരസഭാ ഭാസുരൻ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് നടത്തുന്ന പരിശ്രമങ്ങളുടെ ഭാഗമായി അയച്ച എഴുത്തുകൾ 1927-28 കാലത്തെ കല്പനബുക്കുകളിലൂടെ ഈ ഗ്രന്ഥത്തിൽ ചുരുൾ നിവരുന്നു. 1928-ൽ വട്ടിപ്പണക്കേസിൽ വിജശ്രീലാളിതനായ മാർ ദീവന്നാസ്യോസിനെ അപമാനിക്കുവാൻ സൃഷ്ടിച്ച സസ്പെൻഷൻ കേസ് സംബന്ധമായ ഡയറിക്കുറിപ്പുകളും ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

'മലങ്കരസഭയിലെ കേന്ദ്രീകൃത ഭരണവും ഇടവക ഭരണവും ഭരണഘടനയ്ക്കു മുമ്പ്' എന്ന വിഷയത്തെക്കുറിച്ച് ഡോ. എം. കുര്യൻ തോമസിന്റെ പണ്ഡിതോചിതമായ ആമുഖ പഠനം.

അവതാരിക: ഫാ. ഡോ. ജോബ് സാം മാത്യു

പ്രസാധകർ: സോഫിയാ ബുക്സ്, തിരുനക്കര, കോട്ടയം ഫോൺ: 7012270083

വില: 250 രൂപ.



മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിക്കുന്ന റിജോ ജോൺ ശങ്കരത്തിലിന്റെ ഏറ്റവും പുതിയ യാത്രാവിവരണമാണ് 'നിശ്ശബ്ദതയുടെ കാവൽക്കാർ'.

റിജോ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായി സേവനം അനുഷ്ഠിക്കുന്നു. സഞ്ചാര സാഹിത്യത്തിൽ കേരള യൂണിവേഴ്സിറ്റിയിൽ ഗവേഷണം ചെയ്യുന്നു. ഇംഗ്ലീഷിന് പുറമെ ചരിത്രം, സോഷ്യോളജി എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും പൊതുഭരണത്തിൽ ബിരുദവും നേടി. യൂട്യൂബിലും ഫേസ്ബുക്കിലും ഇൻസ്റ്റഗ്രാമിലുമായി 1 ലക്ഷത്തോളം ഫോളോവേഴ്സുമായി Journeys of Jo എന്ന യാത്ര സീരീസിലൂടെ വ്ളോഗുകൾ ചെയ്യുന്നു. ഗിന്നസ് വേൾഡ് റെക്കോർഡ്സ് ഒഫീഷ്യൽ പാർട്ടിസിപ്പെന്റ്, ഫ്ലവേഴ്സ് ചാനൽ ഒരു നിമിഷം റിയാലിറ്റി ഷോ ഫെയിം, പ്രഭാഷകൻ, ഡിബേറ്റർ, ക്വിസ് മാസ്റ്റർ എന്നീ നിലകളിൽ അറിയപ്പെടുന്നു. 2012-ലെ സണ്ടേസ്കൂൾ പ്രവീൺ അവാർഡ് ജേതാവാണ്.

തുമ്പമൺ ഭദ്രാസനത്തിലെ കുമ്പഴ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ കത്തീഡ്രൽ ഇടവകാംഗം. തുമ്പമൺ ഭദ്രാസനത്തിലെ വൈദികൻ ഫാ. യോഹന്നാൻ ശങ്കരത്തിലിന്റെയും റീന പീറ്ററിന്റെയും മകൻ. ഭാര്യ: ഡോ. ശിൽപ സൂസൻ സ്കറിയ.